# സമന്വയ


**അതിരൂപത ബുള്ളറ്റിൻ**

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 26 | നവംബർ 2022 | ലക്കം 5



***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ

മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

റവ. മോൺ. യൂജിൻ എച്ച്. പെരേര

***പത്രാധിപർ***

റവ.ഡോ.ലോറൻസ് കുലാസ്

***പത്രാധിപ സമിതി***

റവ. മോൺ. സി. ജോസഫ്

റവ. ഡോ. എഡിസണ്‍ വൈ.എം.

റവ. ഡോ. ഡാർവിൻ പീറ്റർ

റവ. ഡോ. ഡൈസണ്‍ വൈ.

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. ആഷ്‌ലിൻ ജോസ്

റവ. ഫാ. ഷാജിൻ ജോസ്

റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ

റവ. ഫാ. സന്തോഷ് കുമാർ

റവ. ഫാ. ഡാനിയേൽ ആർ.

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ് പ്രസ്സ്



ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്

വെള്ളയമ്പലം, കവടിയാർ പി. ഒ.

തിരുവനന്തപുരം - 695 003

ഫോണ്‍ : 0471 - 2724001

ഫാക്സ് : 0471 - 2725001


## താളുകളിൽ


- എഡിറ്റോറിയൽ
- ബിഷപ്സ് ഡയറി
- ചാൻസിലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ഇടയലേഖനം
- ബി.സി.സി.
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- കെ.സി.എസ്.എൽ.
- ഹെറിറ്റേജ് കമ്മിഷൻ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

## വിഴിഞ്ഞം തുറമുഖം : പാരിസ്ഥിതിക - സാമൂഹ്യ- സാമ്പത്തിക ആഘാതം

വിഴിഞ്ഞം തുറമുഖ നിർമാണം സൃഷ്ടിക്കുന്ന പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക ആഘാതം വളരെ വലുതാണ്. 160 ഏക്കർ കടൽ നികത്തിയും നാലു കിലോമീറ്റർ കടലിൽ കല്ലിട്ടുള്ള പുലിമുട്ട് നിർമാണവും പശ്ചിമഘട്ട മലനിരകളും ചുറ്റുപാടുമുള്ള പാറക്കെട്ടുകളും തകർത്തുകൊണ്ട് നടത്തുന്ന ഖനനവും വലിയ പ്രകൃതിദുരന്തങ്ങൾക്കിടയാകും. ദശലക്ഷക്കണക്കിന് ടൺ പാറകളാണ് കടലിലെ പുലിമുട്ടു നിർമാണത്തിന് വേണ്ടിവരുന്നത്. കടലിൽ കല്ലിട്ട് നിർമിക്കുന്ന പുലിമുട്ട് വാണിജ്യ തുറമുഖ നിർമാണത്തിന്റെ വടക്കുഭാഗത്തുള്ള തീരത്തെ പടിപടിയായി കവർന്നെടുക്കും.

തുറമുഖ നിർമാണത്തിന്റെ മൂന്നിലൊന്ന് നിർമാണം പൂർത്തിയായപ്പോഴുണ്ടായ പ്രത്യാഘാതം ആശങ്കാജനകമാണ്. പോർട്ടിന്റെ വടക്കുഭാഗത്തുള്ള പനത്തുറ, പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട്, വേളി പ്രദേശങ്ങളിൽനിന്ന് അനേകം വീടുകൾ തകർന്നുപോവുകയും ഭയാനകമായ തീരശോഷണം നേരിടുകയും ചെയ്യുന്നു. തിരുവനന്തപുരം പട്ടണത്തിലെ ജനങ്ങൾക്ക് ആശ്വാസമായിരുന്ന ശംഖുമുഖത്തെ വിശാലമായ കടൽത്തീരം അപ്രത്യക്ഷമായി. ശംഖുമുഖം കടൽത്തീരത്തെ സംരക്ഷിക്കാനായി 2021-ൽ നിർമിച്ച ഡയഫ്രം വാൾ മറികടന്ന് റോഡ് കടലെടുത്തു. എയർപ്പോർട്ടിന്റെ നിലനില്പുതന്നെ അപകടത്തിലാകും എന്ന സ്ഥിതി എത്തിക്കഴിഞ്ഞു. കോവളം ടൂറിസ്റ്റ് പ്രദേശത്തിന്റെ കടൽ ഭിത്തികൾ തകർന്ന് നാമാവശേഷമായിരിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവനയും അനേകം പേർക്ക് തൊഴിലും നല്കുന്ന വിനോദ സഞ്ചാര കേന്ദ്രം ക്രമേണ അപ്രത്യക്ഷമാകും.

വേളി ടൂറിസ്റ്റ് ഗ്രാമത്തിന്റെയും ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെയും നിലനില്പ് അപകടത്തിലാണ്. അനേകം മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന പൂന്തുറ മുതലുള്ള തീരദേശജനതയും നിലനിൽപ് ഭീഷണി നേരിടുകയാണ്. വിഴിഞ്ഞം വാണിജ്യതുറമുഖം മുതൽ തെക്കോട്ട് കപ്പൽചാനലായി മാറുന്നതോടെ അടിമലത്തുറ മുതൽ പൊഴിയൂർവരെയുള്ള മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം അസാധ്യമായിത്തീരും. ഇപ്പോൾ മത്സ്യബന്ധത്തിലേർപ്പെട്ടിരിക്കുന്ന അമ്പതിനായിരത്തിലേറെ മത്സ്യതൊഴിലാളികളുടെ തൊഴിൽ ഇല്ലാതാകും.

കടലിന്റെ ജൈവ ആവാസവ്യവസ്ഥയെക്കും മത്സ്യസമ്പത്തിന്റെ ശോഷണത്തിനും ഈ തുറമുഖനിർമ്മാണം കാരണമായിത്തീരുന്നു. സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ്, തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഫ്രൻഡ്സ് ഓഫ് മറൈൻ ലൈഫുമായി നടത്തിയ പഠനത്തിൽ തുറമുഖനിർമാണം ആരംഭിച്ചതോടെ സമ്പുഷ്ടമായ മത്സ്യ ആവാസ വ്യവസ്ഥകളുള്ള കടലിന്റെ അടിത്തട്ട് തകർന്നുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തി. തുറമുഖ നിർമാണത്തോടനുബന്ധിച്ച് നടത്തുന്ന ഡ്രഡ്ജിംഗ് കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. കടലിന്റെ ഉഷ്ണസ്ഥിതി ഉയരുകയും ആവർത്തിച്ചാവർത്തിച്ചുണ്ടാകുന്ന ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, പേമാരി എന്ന ജനജീവിതം താറുമാറാകുകയും ചെയ്യും.

എന്നാൽ തുറമുഖ നിർമാണമല്ല തീരശോഷണത്തിന് കാരണമെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സുനാമി തിരകളെയും ഓഖിചുഴലിക്കാറ്റിനെയും അതിജീവിച്ച കോവളം, ശംഖുമുഖം തീരങ്ങൾ കടലെടുത്തത് വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ ഫലമായല്ല എന്ന് അദാനിയുടെ സ്തുതിപാടകരായ ശാസ്ത്രജ്ഞന്മാർ പറഞ്ഞു എന്നത് ശാസ്ത്രലോകത്തിന് തന്നെ അപമാനമാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രമേയത്തിൽ 'തിരുവനന്തപുരം തീരം മനുഷ്യനിർമിത ദുരന്തമാണ് അനുഭവിക്കുന്നത് എന്ന് നിസ്സംശയം പറയാം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും താല്പര്യം സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ട വിസിൽ (Vizhinjam International Seaport Ltd-VISL) അദാനിയുടെ കുഴലൂത്തുകാരായി മാറിയതിന്റെ പ്രതിഫലനമാണിത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തന്നെ വിഴിഞ്ഞം പോർട്ടിന്റെ പത്തു കിലോമീറ്ററിനുള്ളിലുള്ള പ്രദേശം അതീവ തീരശോഷണമുള്ള പ്രദേശമാണെന്നും നിർമാണ പ്രവർത്തനങ്ങൾ ഒന്നും പാടില്ല എന്നും ചൂണ്ടികാണിച്ചിരുന്നത് വിസിൽ അധികാരികളുടെ ശ്രദ്ധയിൽ വന്നിലായിരിക്കും.

വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെയും കടലിനെയും കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ കടലിന്റെ സ്നേഹിതരും ശുദ്ധമത്സ്യം ഭക്ഷിക്കാനാഗ്രഹിക്കുന്ന മത്സ്യോപഭോക്താക്കളും പ്രകൃതിയെയും മണ്ണിനെയും കടലിനെയും സംരക്ഷിക്കണമെന്ന് പറയുന്ന പരിസ്ഥിതി പ്രേമികളും ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന കടലിന്റെ മക്കളുമായി കൈകോർക്കും എന്ന് പ്രത്യാശിക്കുന്നു.

**ഫാ. ലോറൻസ് കുലാസ്**

## ARCHBISHOP'S DIARY – NOVEMBER 2022

| DAY & TIME | | PROGRAMM |
|---|---|---|
| 02nd WED | 05:30 pm | All Souls' Day - Mass at Pattoor. |
| 6th - 12th | | CCBI, Bangalore |
| 13th SUN | 05:30pm | Bible Convention, Nedumangad. |
| 15th – 16th | | Meeting, Trissur. |
| 17th THU | 10:00 am | Confirmation, Paruthiyoor. |
| 19th SAT | 10:00 am | Centinary Celebration- Salesian Community, Puthiyathura. |
| 20thSUN | 05:30 pm | Feast Mass, Vettucaud. |
| 23rd WED | 11:30 am | Mass, All Saints'. |
| 27thSUN | 06:00 pm | Feast Mass, Neerodi. |
| 30th WED | 05:00 pm | Feast Mass, Vijayapuram. |

## AUXILIARY BISHOP'S DIARY – NOVEMBER 2022

| | | |
|---|---|---|
| 2nd TUE | 05:30 pm | All Souls' Day -Mass at Poonthura. |
| 5thSAT | 11:30 am | Award Distribution Meeting. |
| 6th SUN | 09:30 am | Confirmation, Muttada. |
| 6th – 12th | | CCBI, Bangalore. |
| 13th SUN | 11:30 am | Youth Convention, Pettah. |
| | 05:30 pm | Franciscan 3rd order- *Vaarshikam*, Vizhinjam. |
| 17th FRI | 05:30 pm | Feast Mass, Vettucaud |
| 19thSAT | 10:00 am | Sober Day Programm, Shangumugam. |
| 20th SUN | 10:00 am | Feast Mass, Karyavattom. |
| | 05:30 pm | Feast Mass, Paruthiyoor. |
| 24thTHU | 05:30 pm | '*Kurishumoodu*' Blessing, Puthukurichy. |
| 27thSUN | 08:00 am | Confirmation, Killipalam. |

## CHANCERY BULLETIN

### A. BIRTHDAYS

| | | |
|---|---|---|
| 1. | Rev. Dr. Laurence J. Culas | 02.11.1969 |
| 2. | Rev. Fr. Antony Sylvester | 08.11.1950 |
| 3. | Rev. Fr. Dony. D. Paul | 10.11.1985 |
| 4. | Very Rev. Fr. Andrew Kosmos | 11.11.1968 |
| 5. | Rev. Fr. Stalin Fernandez A | 11.11.1986 |
| 6. | Rev. Fr. Jerome Alphonse | 12.11.1966 |
| 7. | Rev. Dr. Dyson Y. | 14.11.1971 |
| 8. | Rev. Fr. Suresh Pius M | 15.11.1985 |
| 9. | Rev. Fr. Aldrin Joseph OFM Cap | 17.11.1972 |
| 10. | Rev. Fr. Gerard D. | 21.11.1974 |
| 11. | Rev. Fr. Jerome Amirthayyan | 24.11.1980 |

### B. DECEASED PRIESTS

| | | |
|---|---|---|
| 1. | Rev. Fr. Paul Victor Vattathara | 06.11.1986 |
| 2. | Rev. Fr. Antony Gabriel | 12.11.1984 |
| 3. | Rev. Msgr Gabriel D'Cruz | 17.11.1981 |
| 4. | Rev. Fr. Rajan A | 18.11.2012 |
| 5. | Rev. Fr. Thomas P.C. | 26.11.1987 |
| 6. | Rev. Fr. Joseph Thottukadavil | 29.11.1975 |
| 7. | Rev. Fr. Basil Fernandez | 29.11.1976 |
| 8. | Rev. Fr. Justin OCD | 30.11.1959 |
| 9. | Rev. Fr. Antony Xavier | 10.11.2014 |

### C. PERPETUAL DAY ADORATION

| | | |
|---|---|---|
| 1. | St. Anne's Church, Pettah | 23.11.2022 |
| 2. | St. Augustine's Church, Murukkumpuzha | 28.11.2022 |

### BIRTHDAY AND ORDINATION DAY OF THE AUXILIARY BISHOP

The Birthday and Ordination Day of His Excellency
Bishop Christudas. R, our Auxiliary Bishop,
fall on 25th November. Please remember him in your prayers,
especially in the Holy Mass and
exhort the faithful to pray for the Auxiliary Bishop

**Fr. C. Joseph**
Chancellor

**Metropolitan Tribunal News -September & October**

| | | |
|---|---|---|
| A.1. Petitions received in September & October | - | 011 |
| 2. Rejected petitions | - | 003 |
| B.1. Petitions admitted as cases | - | 008 |
| 2. Cases on process | - | 074 |
| Total | - | 082 |
| C. Decreed cases in September & October | - | 010 |
| D.Reconciled cases | - | 000 |
| Total | - | 010 |

Cases on process - 82-10=72

**Fr. Paul G.**
Notary

**Fr. Jose G.**
Judicial Vicar

## ഇടയലേഖനം
## മിഷൻ ഞായർ 2022

n. 005/2022/PL Dated: 18.10.2022

ദൈവത്തിനു സ്തുതി!

ദൈവജനത്തിന് സമാധാനം!

ക്രിസ്തുവിൽ എത്രയും സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഇന്ന് ഒക്ടോബർ 23 മിഷൻ ഞായറാഴ്ചയാണ്. ഈ വർഷം മിഷൻ ഞായർ സന്ദേശത്തിനായി ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്ന വിഷയം അപ്പസ്തോല പ്രവർത്തനങ്ങൾ ഒന്നാം അദ്ധ്യായം 8-ാം തിരുവചനമാണ്: "എന്നാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും". ഉത്ഥിതനായ യേശു തന്റെ ശിഷ്യരോട് സ്വർഗ്ഗാരോഹണത്തിനു മുമ്പ് പറഞ്ഞ വചനമാണിത്. പ്രസ്തുത വചന വിചിന്തനത്തിലൂടെ പ്രേഷിതദൗത്യവുമായി ബന്ധപ്പെട്ട മൂന്നു കാര്യങ്ങളാണ് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുക.

**1. 'നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'**

ക്രിസ്തുവിനു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളിയെ ഈ വചനം എടുത്തു കാട്ടുന്നു. പ്രേഷിതൻ എന്നാൽ

അയക്കപ്പെട്ടവൻ എന്നാണർത്ഥം. പിതാവായ ദൈവത്തിന്റെ ആദ്യ പ്രേഷിതനും വിശ്വസ്ത സാക്ഷിയും യേശുവാണ്. അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതുതന്നെയാണ് വിശ്വാസ സമൂഹമായ സഭയുടെ ദൗത്യവും. 'നിങ്ങൾ എന്റെ സാക്ഷികളായിരിക്കും' എന്ന വചനം ഒന്നാമതായി പ്രേഷിത ദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നതായി പാപ്പ നിരീക്ഷിക്കുന്നു. അതായത്, സഭയിൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവ്വഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല. അഥവാ വ്യക്തിപരമായി ഈ ദൗത്യം നിർവ്വഹിക്കുമ്പോഴും അയാൾ എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം.

രണ്ടാമതായി, "നിങ്ങൾ എന്റെ സാക്ഷികളായിരിക്കണം" എന്ന വചനം ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിത ചൈതന്യത്തിൽ ജീവിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. ശിഷ്യർ അയക്കപ്പെടുന്നത് ഒരു പ്രവൃത്തി നിർവ്വഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നൽകാനല്ല, മറിച്ച് സാക്ഷികളാകാനാണ്. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതമായ പീഡാനുഭവത്തിനും മരണത്തിനും ഉയിർപ്പിനുമുള്ള സാക്ഷ്യമാണിത്. കൂടാതെ, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുക എന്നതും സാക്ഷ്യത്തിന്റെ ഭാഗമായി കാണണം. ചുരുക്കത്തിൽ ക്രിസ്തീയജീവിത മാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും സാക്ഷ്യത്തിന്റെ രണ്ട് അഭിവാജ്യഘടകങ്ങളാണെന്ന് പാപ്പ എടുത്തുപറയുന്നു.

**2. "ഭൂമിയുടെ അതിർത്തിയോളം"**

ഈ വചനം സാർവ്വത്രിക സുവിശേഷവൽക്കരണ ദൗത്യത്തിന്റെ പ്രസക്തിയെ സൂചിപ്പിക്കുന്നു. ജറുസലേമിൽ തുടങ്ങുന്ന സുവിശേഷ പ്രഘോഷണം ചുറ്റുമുള്ള യൂദയായിലേക്കും, തുടർന്ന് സമരിയായിലേയ്ക്കും മറ്റു പ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുന്നതാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുക.

പീഡനം മൂലം ചിതറിക്കപ്പെട്ട ആദിമ ക്രൈസ്തവർ ചെന്നെത്തിയ സ്ഥലങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു. ഇതിനു സമാന

മായ സ്ഥിതിവിശേഷം ഈ നാളുകളിലും നടക്കുന്നു. മതപീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ തങ്ങളുടെ സ്വന്തം നാടുകളിൽ നിന്ന് അന്യരാജ്യങ്ങളിലേയ്ക്ക് പലായനം ചെയ്യുന്നു. അവിടങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കാൻ അവർക്കു സാധിക്കും. അതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിത പ്രവർത്തനമായി തീരുന്നു. കൂടാതെ, "ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം ക്രിസ്തുവിന്റെ സഭയെ പുതിയ ഇടങ്ങളിലേയ്ക്കും പാർശ്വവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേയ്ക്കും മാനുഷീക സാഹചര്യങ്ങളിലേയ്ക്കും എല്ലാ ജനതകളിലേയ്ക്ക് എത്തിക്കാനും ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം വഹിക്കാനും നിരന്തരം പ്രേരിപ്പിക്കുന്നു.

**3. "പരിശുദ്ധാത്മാവിൽ നിന്ന് നിങ്ങൾക്ക് ശക്തി ലഭിക്കും"**

ഈ വചനം ഇന്ന് നാം എപ്പോഴും ആത്മാവിനാൽ ശക്തിപ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യുന്നവരാകണമെന്ന് അനുസ്മരിപ്പിക്കുന്നു. യേശുവിന്റെ വാഗ്ദാനം പെന്തക്കോസ്താ ദിനത്തിൽ നിറവേറി. പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷമായിരുന്നു അപ്പസ്തോലന്മാർ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യ സാക്ഷ്യം നൽകിയത്. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽ തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയും മുമ്പിൽ ക്രിസ്തുവിന് സാക്ഷ്യം നൽകാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നൽകി. അതിനാൽ, പ്രേഷിതരാകാൻ വിളിക്കപ്പെട്ട ക്രിസ്തുശിഷ്യർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നിൽക്കുകയും അവിടുത്തെ നിരന്തര ശക്തിയും മാർഗ്ഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യണം. ഇക്കാരണത്താൽ പ്രേഷിത പ്രവർത്തന ശൈലിയിൽ പ്രാർത്ഥനയ്ക്ക് വളരെയേറെ സ്ഥാനമുണ്ടെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. ചുരുക്കത്തിൽ ആത്മാവാണ് പ്രേഷിത പ്രവർത്തനത്തിലെ മുഖ്യ കഥാപാത്രം.

പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ, സാർവ്വത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കരണ ദൗത്യത്തിനു വേണ്ടി കഴിഞ്ഞ കാലങ്ങളിൽ ഏതാനും തിരുസംഘങ്ങളും

സഖ്യങ്ങളും സ്ഥാപിതമായി. ഈ വർഷം അവയുടെ സ്ഥാപന ജൂബിലി ആഘോഷിക്കുന്നത് പ്രേഷിതചൈതന്യം ഒന്നുകൂടി വർദ്ധിപ്പിക്കാൻ സഹായകരമാണ്. അവ ചുവടെ ചേർക്കുന്നവയാണ്:

**1. "ദെ പ്രൊപ്പഗാന്ത ഫീദേയ്" (De Propaganda Fidei) (1622):** പുതിയ പ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ തിരുസംഘം സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**2. വിശ്വാസ പ്രചാരണത്തിനായുള്ള സംഘം (The Society for the Propagation of Faith) (1822)**: (സ്ഥാപക പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി). ലോകവ്യാപകമായ രീതിയിൽ വിശ്വാസികൾക്ക് പ്രേഷിത പ്രവർത്തനത്തിൽ പങ്കുചേരാൻ, പ്രാർത്ഥനയുടെ ഒരു ശൃംഖലയായും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാനുള്ള ഒരു സംഘടനയായും ഇത് നിലകൊള്ളുന്നു. ഓരോ വർഷവും ലോക പ്രേഷിത ദിനം ആചരിക്കാൻ ഇത് ഇടയാക്കി.

**3. തിരുബാലസഖ്യം (Association of the Holy Childhood)**: (സ്ഥാപകൻ: ചാൾസ് ദെ ഫോർസിൻ യാൻസൺ എന്ന ഫ്രഞ്ച് മെത്രാൻ). ഇതിന്റെ ആപ്തവാക്യം 'കുട്ടികൾ കുട്ടികളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു'.

**4. വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘം (Society of Saint Peter the Apostle)**: (സ്ഥാപകൻ: ജീൻ ബിഗാർഡ്). മിഷൻ പ്രദേശങ്ങളിലുള്ള വൈദിക വിദ്യാർത്ഥികളെയും വൈദികരെയും സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

**5. Pontificial Mission Union:** (സ്ഥാപക: പൗളോ മന്നാ). ഇത് വൈദികരുടെയും ദൈവജനം മുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈതന്യം ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

പതിവുപോലെ കഴിഞ്ഞകൊല്ലം (2021) വിവിധ ആവശ്യങ്ങൾക്കായി നിങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ മൊത്തം തുകയും വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും സമാഹരിക്കാൻ സാധിച്ചത് 1,43,88,373/- (ഒരു കോടി നാൽപത്തി മൂന്നു ലക്ഷത്തി എൺപത്തി എട്ടായിരത്തി മുന്നൂറ്റി എഴുപത്തി മൂന്ന്) രൂപയാണ്.

| മൊത്തത്തിൽ കൂടുതൽ സംഭാവന നൽകിയ ഇടവകകൾ | | | ആളോഹരി ക്രമത്തിൽ സംഭാവ നൽകിയ ഇടവക | | |
|---|---|---|---|---|---|
| 1 | പാളയം | 10,00,000 | 1 | മംഗലപുരം | 466 |
| 2 | പുത്തൻതോപ്പ് | 7,85,000 | 2 | കുന്നിൻപുറം | 327 |
| 3 | വെട്ടുകാട് | 5,86,251 | 3 | മണക്കാട് | 255 |
| 4 | വിഴിഞ്ഞം | 4,91,633 | 4 | CRPF ക്യാമ്പ്, പള്ളിപ്പുറം | 250 |
| 5 | പുല്ലുവിള | 4,65,000 | 5 | പുത്തൻതോപ്പ് | 246 |
| 6 | പുതിയതുറ | 4,45,490 | 6 | ചമ്പാവ് | 207 |
| 7 | മരിയനാട് | 3,72,951 | 7 | ശ്രീകാര്യം | 200 |
| 8 | ചിന്നത്തുറ | 3,38,250 | 8 | പാളയം | 186 |
| 9 | പൂന്തുറ | 3,30,650 | 9 | ചെറുവെട്ടുകാട് | 142 |
| 10 | കണ്ണാന്തുറ | 3,20,318 | 10 | സെന്റ് ആൻഡ്രൂസ് | 138 |

8 സ്ഥാപനങ്ങളും 25 സന്യാസ ഭവനങ്ങളും തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1,00,000/- (ഒരു ലക്ഷം) രൂപ നൽകിയ സി.സി.ആർ ജനറലേറ്റും, 50,000/- (അൻപതിനായിരം) രൂപ നൽകിയ വഴുതക്കാട് കാർമ്മൽ കോൺവെന്റുമാണ് മുൻ നിരയിൽ നിൽക്കുന്നത്.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ 55,50,000/- (അൻപത്തി അഞ്ച് ലക്ഷത്തി അൻപതിനായിരം) രൂപ റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. 7,65,910/- (ഏഴുലക്ഷത്തി അറുപത്തയായിരത്തി തൊള്ളായിരത്തി പത്ത്) രൂപ ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷയ്ക്കായി നൽകി. ബാക്കിയുള്ള 80,72,463/- (എൺപത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാന്നൂറ്റി അറുപത്തി മൂന്ന്) രൂപയിൽ 65,54,534/- (അറുപത്തി അഞ്ചു ലക്ഷത്തി അൻപത്തിനാ

ലായിരത്തി അഞ്ചൂറ്റി മുപ്പത്തി നാല്) രൂപ ഇതിനകം തന്നെ വിവിധ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതുതായി പണിത ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനായും നൽകുകയുണ്ടായി. ബാക്കിയുള്ള 15,17,929/- (പതിനഞ്ചു ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത്) രൂപ മിഷൻ കേന്ദ്രങ്ങളുടെ തുടർപ്രവർത്തനത്തിനായി മാറ്റി വയ്ക്കുന്നു.
ഒക്ടോബർ മാസം ജപമാലമാസം കൂടിയാണല്ലോ. നമ്മുടെ വിശ്വാസത്തെ സജീവമായി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ലളിതവും ഫലപ്രദവുമായ ഒരു ഭക്ത്യാഭ്യാസമാണ് ജപമാലപ്രാർത്ഥന. എല്ലാവരുടെയും സഹകരണത്തോടെ ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസാവസാനം ചെറുവെട്ടുകാടുവച്ചു നടത്തുന്ന ഭക്തിനിർഭരമായ ജപമാല റാലിയെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുകയില്ല. വിശ്വാസത്തിൽ ആഴപ്പെടുവാനും അതിനു ശക്തമായ സാക്ഷ്യം വഹിക്കുവാനും പരിശുദ്ധ അമ്മയോടുള്ള സ്നേഹബഹുമാനാദരവുകൾ പ്രകടിപ്പിക്കുവാനും നമ്മെ സഹായിക്കുന്ന ഫലപ്രദമായ ഒരു ഭക്ത്യാഭ്യാസമാണിത്. ഒക്ടോബർ മാസം 30-ാം തീയതി വൈകുന്നേരം നടക്കുന്ന ഈ റാലിയിൽ എല്ലാവരും ഭക്തിപൂർവ്വം സംബന്ധിക്കുണമെന്ന് ഓർമ്മിപ്പിക്കുന്നു.
പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സംഭാവനകളിലൂടെയും ആഗോളസഭയുടെ പ്രേഷിതപ്രവർത്തനത്തിൽ പങ്കുചേരുന്ന നിങ്ങളോരോരുത്തർക്കും സഭയുടെ നാമത്തിൽ നന്ദിപറയുന്നു. തുടർന്നും ഇക്കാര്യത്തിൽ നമുക്ക് സജ്ജീവമായി സഹകരിക്കാം. അനുദിന ജീവിതത്തിൽ ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷികളാകാൻ ദൈവം നമ്മെ അനുഗ്രഹിക്ക

സ്നേഹാശംസകളോടെ, പ്രാർത്ഥനാപൂർവ്വം,

**†തോമസ് ജെ. നെറ്റോ**

തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത

# ബി.സി.സി.

**അതിരൂപതാതലം**

തൂത്തൂർ, വലിയതുറ, പാളയം, പുതുക്കുറിച്ചി എന്നീ ഫെറോനകളിൽ റിസോഴ്സ് ടീം അംഗങ്ങളുടെ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

കെ.ആർ.എൽ.സി.സി. ബി.സി.സി. കമ്മിഷന്റെ നേതൃത്വത്തിൽ പത്തനാപുരത്ത് സംഘടിപ്പിച്ച ബി.സി.സി. ഫ്രണ്ട്സിന്റെ രൂപീകരണത്തിലും പരിശീലനത്തിലും അതിരൂപതയെ പ്രതിനിധാനം ചെയ്ത് വിവിധ ഇടവകകളിൽ നിന്നും 21 പേർ പങ്കെടുത്തു. തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി 24-ാം തീയതി വെള്ളയമ്പലം സമന്വയ ബിൽഡിംഗിൽ ഒത്തുചേർന്നു. ഇടവക - ഫെറോന - രൂപതാ തല തിരഞ്ഞെടുപ്പുകൾക്ക് മുന്നൊരുക്കമെന്നോണം ബി.സി.സി. യൂണിറ്റുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഭാരവാഹികളുടെ കടമകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും മീഡിയാ കമ്മിഷന്റെ സഹായത്തോടെ റിസോഴ്സ് മെറ്റീരിയൽ തയ്യാറാക്കാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു.

**ഫെറോനതലം**

**പുതുക്കുറിച്ചി ഫെറോന**

ഫെറോനയിലെ 11 ഇടവകകളിലും യൂണിറ്റുതല കുടുംബയോഗം നടക്കുന്നു. ഒക്ടോബർ 14, 15 തീയതികളിൽ പത്തനാപുരത്ത് വച്ച് നടന്ന ബി.സി.സി. ഫ്രണ്ട്സ് എന്ന പരിശീലന പരിപാടിയിൽ ഫെറോനയിൽ നിന്ന് ആനിമേറ്റർ സിസ്റ്റർ ബ്ലെസി, ശ്രീ. സതീഷ്, ശ്രീമതി മേരി റ്റെൽമ എന്നിവർ പങ്കെടുത്തു. 16-ാം തീയതി പുതുക്കുറിച്ചി ഇടവകയിൽ വച്ച് പ്രതിമാസ കമ്മിഷൻ യോഗവും ഇടവക റിസോഴ്സ് പ്രതിനിധികളുടെ പരിശീലനവും നടത്തി. ഇതിൽ അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ബഹുമാനപ്പെട്ട ഡാനിയേൽ അച്ചൻ സന്നിഹിതനായിരുന്നു. ബഹുമാനപ്പെട്ട ദീപക് അച്ചൻ "നേതാവ് ക്രിസ്തുവിന്റെ ജീവിതത്തിലൂടെ" എന്നതിനെക്കുറിച്ച് ക്ലാസ് നൽകി. 38 പേർ ഇതിൽ പങ്കെടുത്തു. തുടർന്ന് കെ.ആർ.എൽ.സി.സി. നടത്തുന്ന "വിമലഹൃദയ വഴിയേ" എന്ന പ്രാർഥനയെക്കുറിച്ച് സിസ്റ്റർ ബ്ലെസി വിവരിച്ചു. ഫെറോന ബി.സി.സി. കോ-ഓർഡിനേറ്റർ ബഹുമാനപ്പെട്ട രാജശേഖരനച്ചൻ

യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ഫെറോന എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോസ് കെ.വി. എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിൽ ബി.സി.സി. യോഗങ്ങൾ കൃത്യമായി നടക്കുന്നു. കൂടാതെ, രൂപതയിലെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. അതിന്റെ ഭാഗമായി ഫെറോന അംഗങ്ങൾ വിഴിഞ്ഞം തീരശോഷണ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഒക്ടോബർ 12-ാം തീയതി സമരപന്തലിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചു. തുടർന്ന് 17-ാം തീയതി സെക്രട്ടറിയേറ്റ് പടിക്കൽ നടന്ന ഉപരോധന സമരത്തിൽ ഉണ്ടായിരുന്നു. പേട്ട ഫെറോനയുടെ പങ്കാളിത്തം ജപമാല മാസമായതിനാൽ അനുദിനം ഇടവകതലങ്ങളിൽ ഒരുമിച്ച് കൂടി ജപമാല പ്രാർഥന നടത്തിവരുന്നു. 31-ാം തീയതി ആഘോഷപരമായ ദിവ്യബലി അർപ്പണത്തോടുകൂടി ജപമാല മാസത്തിന് സമാപനം കുറിക്കുവാൻ തീരുമാനിച്ചു.

**കോവളം ഫെറോന**

ബി.സി.സി. കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ പ്രതിനിധികളുടെയും യോഗം എല്ലാ മാസവും 4-ാമത്തെ ഞായറാഴ്ച ആഴാകുളം ഫെറോന സെന്ററിൽ വച്ച് ബഹുമാനപ്പെട്ട മനീഷ് അച്ചന്റെ അധ്യക്ഷതയിൽ കൂടി.

വിഴിഞ്ഞം, പൂന്തുറ, പെരിങ്ങമല, പുന്നമൂട്, പൊന്നുമംഗലം, കാരയ്ക്കാമണ്ഡപം, ഇടയാൽ, പരുത്തിക്കുഴി, പൂങ്കുളം, കാക്കാമൂല, വവ്വാമൂല, പാലപ്പൂര്, ആഴാകുളം, നെല്ലിയോട് എന്നീ ഇടവകകളിലെ ബി.സി.സി. പ്രവർത്തനങ്ങളും പ്രാർഥനയും ജനറൽ ബോഡിയും കൃത്യമായി നടക്കുന്നു.

ആഴാകുളം, പുന്നമൂട്, കാക്കാമൂല, പൂന്തുറ ഇടവകകളിൽ ഒക്ടോബർ ഒന്നാം തീയതി മുതൽ ഭവനങ്ങളിൽ മാതാവിനെ കൊണ്ടുപോയി ജപമാല ചൊല്ലുന്നു. മറ്റ് ഇടവകകളിൽ എല്ലാദിവസവും 5.30 ന് ദൈവാലയത്തിൽ ജപമാല എത്തിച്ചു പ്രാർഥിക്കുന്നു. വവ്വാമൂല, കാക്കാമൂല, ആഴാകുളം തുടങ്ങിയ ഇടവകകളിൽ ഒക്ടോബർ 31-ാം തീയതി ജപമാല റാലി നടത്താൻ തീരുമാനിച്ചു. കാക്കാമൂല ഇടവകയിൽ ബി.സി.സി.യിലെ കുട്ടികൾക്കായി ദൈവാലയത്തിൽ വച്ച് ജപമാല ചിത്രരചന നടത്താൻ തീരുമാനിച്ചു.

സമന്വയ

**പാളയം ഫെറോന**

തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, പുനലൂർ എന്നീ രൂപതകൾ ചേർന്നു നടത്തിയ ബി.സി.സി. ഫ്രണ്ട്സ് രൂപീകരണ പരിശീലനവും "വിമലഹൃദയ വഴിയേ" പ്രാർഥനയിലും പാളയം ഫെറോനയിൽ നിന്ന് സിസ്റ്റർ ആലീസ് മേരി, ശ്രീ. സെബാസ്റ്റ്യൻ, ശ്രീമതി, മേരി തങ്കച്ചൻ, ശ്രീമതി ഷീല സേവ്യർ എന്നിവർ പങ്കെടുത്തു.

ബി.സി.സി. യൂണിറ്റുകളുടെ ശാക്തീകരണം, പുതിയ യോഗ ക്രമങ്ങളേയും ബി.സി.സി മാർഗരേഖ പുതുക്കൽ, "വിമലഹൃദയ വഴിയേ" പ്രാർഥന, റിസോഴ്സ് ടീം ശാക്തീകരണം എന്നിവ പാളയം ഫെറോനയിൽ നടത്തുന്നതിനുള്ള സാധ്യത നിർദേശിക്കുകയും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഫെറോനയിലെ റിസോഴ്സ് ടീം പഠന പരിശീലനം ഒക്ടോബർ 24-ാം തീയതി ഉച്ചക്കഴിഞ്ഞ് 3.30 ന് പാളയം മദർ തെരേസ ഹാളിൽ വച്ച് നടത്തി. 15 ഇടവകകളിൽ നിന്ന് 36 പേർ പങ്കെടുത്തു കുടപ്പനക്കുന്ന്, തൈക്കാട്, മുടവൻമുഗൾ, പുന്നയ്ക്കാമുഗൾ എന്നീ ഇടവകകളിൽ നിന്ന് ആരും പങ്കെടുത്തില്ല. അതിരൂപത ബി.സി.സി. ഡയറക്ടർ ലീഡേഴ്സിന് ക്ലാസ് നൽകി. ബി.സി.സി. ഭാരവാഹികളുടെ ശാക്തീകരണത്തിന് ആവശ്യമായ നിർദേശങ്ങൾ അഭിപ്രായസമന്വയത്തിലൂടെ രൂപപ്പെട്ടു. ബി.സി.സി. ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനു മുൻപുള്ള ഒരുക്ക പ്രക്രിയയും തിരഞ്ഞെടുപ്പു ചട്ടങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യം എന്നിവ ചർച്ചകളിലൂടെ രൂപപ്പെടുത്തി. തുടർപ്രവർത്തനങ്ങൾ വിലയിരുത്തലുകൾ എന്നിവ ബോധ്യപ്പെടുത്തി.

ഫെറോനയിലെ 12 ഇടവകകളിലും വളരെ വിപുലമായ ജപമാല മാസാചരണം 31 ദിവസവും, ദിവ്യകാരുണ്യ ആരാധന, ജപമാല, ദിവ്യബലി, വിവിധ കലാപരിപാടികൾ, പലവിധ മത്സരങ്ങൾ മാതാവിന്റെ ഇടവക തിരുനാളുകൾ എന്നിവയാൽ സജീവമായിരുന്നു.

**പുല്ലുവിള ഫെറോന**

ഒക്ടോബർ മാസത്തെ ഫെറോന കമ്മിഷൻ യോഗം പള്ളം ഇടവകയിൽ വച്ച് 22.10.2022 രാവിലെ 10.30 ന് നടത്തി. ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ്, ഇടവക വികാരി ഫാ. ബിജിൻ,

ബി.സി.സി. വൈദിക കോഡിനേറ്റർ ഫാ. ആന്റണി എസ്. ബി., ഇടവകതല സിസ്റ്റർ പ്രതിനിധികൾ, കൊല്ലങ്കോട്, പരുത്തിയൂർ, പൂവ്വാർ, കരുംകുളം, പുതിയതുറ, പള്ളം, അടിമലത്തുറ, ചൊവ്വര, കരിച്ചൽ, ലൂർദ്ദിപുരം, നമ്പ്യാതി എന്നീ ഇടവകകളിലെ ബി.സി. സി. കോഡിനേറ്റർമാർ എന്നിവർ യോഗത്തിന് പങ്കെടുത്തു. കെ. ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ നടന്ന ബി.സി.സി. ഫ്രണ്ട്സ് ട്രെയിനിംഗ് ക്യാമ്പിനെ കുറിച്ച് അവബോധം നല്കി. ചർച്ചയിൽ അടുത്ത മാസം റിസോഴ്സ് ടീമിനായി പരിശീലനം നടത്താൻ തീരുമാനിച്ചു. ഇടവകതല ശുശ്രൂഷ സമിതി പ്രവർത്തനങ്ങൾ കോഡിനേറ്ററെ കൃത്യമായി അറിയിക്കാൻ വൈദീകർ ശ്രദ്ധിക്കണമെന്ന് അഭിപ്രായമുണ്ടായി. ബി.സി.സി.കളിൽ കുട്ടികളുടേയും പുരുഷൻമാരുടേയും പങ്കാളിത്തം കൂട്ടുവാനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ രൂപത തലത്തിൽ ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടു. അതിജീവന സമരത്തിൽ എല്ലാ ഇടവകകളും കൃത്യമായി പങ്കെടുത്തു വരുന്നു. എല്ലാ ഇടവകയിലും ജപമാല നടത്തി.

**ഫാ. ഡാനിയേൽ**
**ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി**

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

### 1) ലോഗോസ് ക്വിസ് - 2022

ലോഗോസ് ക്വിസ് 2022-ൽ 14486 പേർ രജിസ്റ്റർ ചെയ്യുകയും 6,656 പേർ മത്സരിക്കുകയും ചെയ്തു. 60% മുതൽ 99% വരെ മാർക്കു നേടി സമ്മാനാർഹരായത് 347 പേരാണ്. മത്സരത്തിൽ പങ്കെടുത്ത എല്ലാവരുടെയും മാർക്കുകൾ അജപാലന ശുശ്രൂഷാ ഓഫീസിൽ നിന്നും ലഭ്യമാണ്.

**Group - A**

| SL. No | Name | Mark/ Rank | Parish | Forane |
|---|---|---|---|---|
| 1 | Rachel Maria Reji | 93/I | Muttada | Pettah |
| 2 | Thaniya Thankachan | 87/II | Puthiyathura | Pulluvila |
| 3 | Jinto Jose S | 83/ III | Nambiyathi | Pulluvila |
| 4 | Clara S Solomon | 78/ IV | Pulluvila | Pulluvila |
| 5 | Brijit S Solomon | 74/ V | Pulluvila | Pulluvila |

**Group - B**

| | | | | |
|---|---|---|---|---|
| 1 | Atheena Broost | 94½/I | Adimalathura | Pulluvila |
| 2 | Ann Nitha Babu | 94/II | Poonthura | Kovalam |
| 3 | Jyothi L Jovan | 93/III | Pulluvila | Pulluvila |
| 4 | Stephanose J Judin | 91/IV | Southkollemcode | Pulluvila |
| 5 | Arsha Cletus | 90/V | Adimalathura | Pulluvila |

**Group - C**

| | | | | |
|---|---|---|---|---|
| 1 | Kavya S | 95/I | Palappoor | Kovalam |
| 2 | Bincy Selvan | 94/II | Poothura | Anjengo |
| 3 | Vijitha Rajeev | 92/III | Kusavarkal | Pettah |
| 4 | Jersha Bosco | 92/III | Southkollemcode | Pulluvila |
| 5 | Jijo Jose | 90/IV | Nambiyathi | Pulluvila |

**Group - D**

| | | | | |
|---|---|---|---|---|
| 1 | Jerlin Mary M. | 100/I | Southkollemcode | Pulluvila |
| 2 | Reeja C. | 99/II | Poozhikunnu | Palayam |
| 3 | Latisha Pathrose | 97/III | Valiaveli | Valiathura |
| 4 | Janet Sim Rozario | 96/IV | Vettucaud | Valiathura |
| 5 | Prabha Joy | 95/V | St.Xavier's | Valiathura |

**Group - E**

| | | | | |
|---|---|---|---|---|
| 1 | Selvam John | 95/I | Adimalathura | Pulluvila |
| 2 | Sr. Ann Maria C.S.C | 94½/II | Vettucaud | Valiathura |
| 3 | Lettesia Pereira | 94/III | Pettah | Pettah |
| 4 | Sheila S | 93/IV | Vellayambalam | Palayam |
| 5 | Mini Menifer | 93/IV | St. Andrews | Puthukurichy |
| 6 | Gracy Thomas | 93/IV | Vawamoola | Kovalam |

**Group - F**

| | | | | |
|---|---|---|---|---|
| 1 | Prema Alexander | 97/I | Thycaud | Palayam |
| 2 | Heleena Thomas | 96/II | Vettucaud | Valiathura |
| 3 | G.C. Susheela Bai | 94½/III | Killiapalam | Palayam |
| 4 | Alphonsia Rudolf | 94/IV | Puthenthope | Puthukurichy |
| 5 | Janet I.C. | 91½/V | Puthenthope | Puthukurichy |

സംസ്ഥാനതല മത്സരത്തിന് യോഗ്യരായവർ എ മുതൽ എഫ് വരെ ആറ് ഗ്രൂപ്പുകളിലായി ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയ 18 പേർക്ക് പരിശീലനം നൽകി വരുന്നു.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ പ്രവർത്തന റിപ്പോർട്ട്

2022-23 അധ്യായനവർഷത്തെ ക്രിസ്തീയവിശ്വാസജീവിത പരിശീലന ഡയറിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഒന്നാം സെമസ്റ്റർ പരീക്ഷ (അധ്യാപകരുടെയും വിദ്യാർഥികളുടെയും) **ഒക്ടോബർ 30-ാം** തീയതി രാവിലെ 10 മണിമുതൽ 12 മണിവരെ ഇടവക/സബ്സ്റ്റേഷൻ കേന്ദ്രങ്ങളിൽ വച്ച് നടന്നു. അധ്യാപകരുടെ പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കുന്നതും ഉത്തരപേപ്പർ പരിശോദിക്കുന്നതും ഇടവക വികാരിയോ, ഇടവക വികാരി ചുമതലപ്പെടുത്തുന്നവരോ ആയിരിക്കും.

24-ാം തിയതി വലിയതുറ ഫെറോന മതബോധന അധ്യാപക സംഗമം വെട്ടുകാട് ഇടവകയിൽ വച്ച് നടത്തി. 200 ഓളം അധ്യാപകർ പങ്കെടുത്തു ഫെറോനാവികാരി ബഹുമാനപ്പെട്ട ഫാ. ഹയസിന്ദ് നായകം ഉത്ഘാടനം ചെയ്തു. ഫാ. ലോറൻസ് കുലാസ്, ഫാ. ലെനിൻ ഫെർണാണ്ടസ് ക്ലാസുകൾക്ക് നേതൃത്വം നല്കി. ഉച്ചയ്ക്ക് ശേഷം മതബോധന അധ്യാപകരുടെ കലാപരിപാടികൾ ക്രമീകരിച്ചു.

## കരിസ്മാറ്റിക് മുന്നേറ്റം

**പ്രവർത്തനം**

തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന പാസ്റ്ററൽ മിനിസ്ട്രി കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിൽ കാരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയൻ, തിരുവനന്തപുരം സോൺ അതിജീവന സമര പോരാട്ട വിജയത്തിനായി 27/9/22 ചൊവ്വാഴ്ച ഇടവകകളെ ബന്ധിപ്പിച്ചു കൊണ്ട് രണ്ട് ദിശകളിൽ നിന്നായി ജറീക്കോ പ്രാർത്ഥനായജ്ഞം ഇടവക വികാരിമാരുടെ സഹകരണത്തോടെ നടത്തുകയുണ്ടായി.

മാമ്പള്ളി ഇടവകയിൽ നിന്ന് രാവിലെ 7 മണിക്ക് ജോർദ്ദാൻ നദി എന്ന പേരിട്ട ഓരോ ഇടവകയിലെ കാരിസ് കുടുംബാംഗങ്ങൾ പൂത്തുറ, താഴംപള്ളി, പുതുക്കുറിച്ചി, മര്യനാട്, ശാന്തിപുരം, വെട്ടുതുറ, പുത്തൻതോപ്പ്, സെന്റ് ആൻഡ്രൂസ്, സെൻറ് ഡൊമനിക്, തുമ്പ, കൊച്ചുതുറ, പള്ളിത്തുറ, വലിയ വേളി, കൊച്ചുവേളി, വെട്ടുകാട്, ചെറുവെട്ടുകാട്, കണ്ണാന്തുറ, തോപ്പു, കൊച്ചുതോപ്പ്, പൂന്തുറ, വിഴിഞ്ഞം എന്നീ ഇടവകളിലൂടെ കാൽ നടയായി മുല്ലൂർ സമര വേദയിൽ രാത്രി 7.30 മണിക്ക് എത്തുകയുണ്ടായി.

നൈൽ നദി എന്നു പേരിട്ട കാരിസ് കുടുംബാംഗങ്ങൾ ഇരമെൻ തുറ ഇടവകയിൽ നിന്ന് രാവിലെ 7 മണിക്ക് ആരംഭിച്ച് പൂത്തുറ, തൂത്തൂർ, ചിന്നത്തുറ, ഇരവിപുത്തൻതുറ, വള്ളവിള, മാർത്താണ്ഡംതുറ, നീരോടി, കൊല്ലങ്കോട്, പരുത്തിയൂർ, പൂവ്വാർ, കരുംകുളം, കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, കൊച്ചുപള്ളി എന്നീ ഇടവകകളിലൂടെ മുല്ലൂർ സമരവേദിയിൽ വൈകുന്നേരം 4.30 മണിക്ക് എത്തുകയുണ്ടായി. സമരവേദിയിൽ ജറീക്കോ പ്രാർത്ഥനകൾ റവ.ഫാദർ ഡാർവിൻ, റവ.ഫാ. സജിത് സോളമൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തുകയും വചന സന്ദേശത്തോടെ സമാപിക്കുകയുണ്ടായി. കഴക്കൂട്ടം, പാളയം, പേട്ട, വട്ടിയൂർക്കാവ് എന്നീ സബ് സോണുകളിലെ കാരിസ് കുടുംബാംഗങ്ങളും ഈ ജറീക്കോ പ്രാർത്ഥനാ യജ്ഞത്തിൽ സജീവമായി പങ്കെടുക്കുകയുണ്ടായി.

കൂടാതെ 9/10/22 ൽ എല്ലാ ഇടവകകളിലും ഉച്ചയ്ക്ക് 3 മണി മുതൽ 5 മണി വരെ നടത്തിയ ആരാധനാ സമർപ്പണത്തിലും കാരിസ് കുടുംബാംഗങ്ങളുടെ സജീവ സാന്നിദ്ധ്യം നല്കുകയുണ്ടായി. പുല്ലുവിള, പുതുക്കുറിച്ചി, കഴക്കൂട്ടം എന്നീ സബ്സോണുകളിൽ നൈറ്റ് വിജിൽ നടത്തുകയുണ്ടായി.

16/10/22 ഞായറാഴ്ച ഉപവാസ സമരം തിരുവനന്തപുരം കാരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയന്റെ നേതൃത്തിൽ നടക്കുകയുണ്ടായി. രാവിലെ 8 മണി മുതൽ ഉച്ചയ്ക്കു 2 മണി വരെ അഞ്ചുതെങ്ങ്, തൂത്തൂർ, കോവളം, പുല്ലുവിള, വട്ടിയൂർക്കാവ് എന്നീ സബ് സോണുകളും, ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 8 മണി വരെ കഴക്കൂട്ടം, പുതുക്കുറിച്ചി, വലിയതുറ, പാളയം, പേട്ട എന്നീ സബ്സോണുകളുമാണ് ഉപവാസ സമരത്തിൽ പങ്കെടുത്തത്. ഈ ഉപവാസ സമരം അജപാലന ഡയറക്ടർ ബഹു. ഫാ. ഡാർവിൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. സോണിലെയും, സബ് സോണിലെയും സർവ്വീസ് ടീമംഗങ്ങൾ പ്രസംഗിക്കുകയുണ്ടായി.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സബ് സോണുകളിലെ സർവ്വീസ് ടീമംഗങ്ങൾക്ക് 22/10/22 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഫോർമേഷൻ പ്രോഗ്രാം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

24 /9/22 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5 മണി വരെ തൂത്തൂർ സബ്സോണിലെ ചിന്നതുറ ഇടവകയിൽ

വച്ച് ബൈബിൾ കൺവെൻഷൻ നടത്തുകയുണ്ടായി. പ്രസ്തുത കൺവെൻഷൻ തൂത്തൂർ ഫെറോന വികാരി റവ.ഫാ. ബിബിൻ സൺ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആനിമേറ്റർ റവ.ഫാ. രജീഷ് ആശംസ അർപ്പിക്കുകയും, കെ.സി.എസ്. സി സമിതി അംഗം റവ .ഫാ. ജോസഫ് എൽക്കിൻ ആത്മീയ ചൈതന്യത്തിൽ വചന പ്രഘോഷണം നടത്തുകയും ചെയ്തു. സോൺ സർവ്വീസ് ടീമംഗ ങ്ങളായ പോൾ വിജയകുമാർ, ക്ലമൻറ് ഡിസിൽവ, ആന്റണി.എ, ക്ല മന്റ് റൊസാരിയോ, അനീഷ, സിസ്റ്റർ ആനിമേറ്ററായ റവ.റോസ്, മറ്റു സിസ്റ്റേഴ്സും, തൂത്തൂർ സബ്സോൺ സർവ്വീസ് ടീമംഗങ്ങ ളും പ്രസ്തുത കൺവെൻഷനിൽ പങ്കെടുത്തു.

**ഫാ. ഡാർവിൻ പീറ്റർ**
**ഡയറക്ടർ**

## കുടുംബപ്രേഷിത ശുശ്രൂഷ

### സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്

കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ ഒൻപതാം ബാച്ചിന്റെ ക്ലാസ്സുകൾ ഈ മാസം 1, 22, 24 എന്നീ തീയതികളിലും 5 - ാമത് ബാച്ച് ഡിപ്ലോമ കോഴ്സിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. ഈ മാസത്തെ കോഴ്സുകൾ 15, 29 തീയതികളിൽ നടന്നു.

### കൗൺസിലിംഗ്

വിവിധ ഇടവകകളിൽ നിന്നും വന്ന 30 പേർക്ക് പ്രശ്ന പരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു. കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിര ഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യ മാക്കിയിട്ടുണ്ട്.

### വിഴിഞ്ഞം സമരത്തോട് അനുഭാവം

ഒക്ടോബർ 17 തിങ്കളാഴ്ച വിഴിഞ്ഞം സമരത്തിന് അനു ഭാവം പ്രകടിപ്പിച്ച് പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ ആരം ഭിച്ച് സെക്രട്ടറിയേറ്റിൽ സമാപിച്ച ജാഥയിലും സമ്മേളനത്തിലും

കുടുംബപ്രേഷിത ശുശ്രൂഷയിലെ സ്റ്റാഫ് അംഗങ്ങളെല്ലാം പങ്കെടുത്തു.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 500 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 447 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 5 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 70 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായവും നൽകുകയും ചെയ്തു.

**ഓഖി കരുണാമയൻ**

ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയിട്ടും ജോലിക്ക് പോകാൻ സാധിക്കാത്ത 120 പേർക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ഹീലിംഗ് ഹാൻഡ്സ്**

രോഗികളായി കഷ്ടതയനുഭവിക്കുന്നവരിൽ നിന്ന് ഇതുവരെയായി 146 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 100 പേർക്ക് ധനസഹായം നൽകാൻ സാധിച്ചു. ഈ മാസം 8 അപേക്ഷകൾ ലഭിക്കുകയും അന്വേഷണ വിധേയമാക്കിയശേഷം 6 പേർക്ക് സഹായം നൽകുകയും ചെയ്തു.

**ഫെറോന തലം**

**പേട്ട ഫെറോന**

പേട്ട ഫെറോനയുടെ പ്രതിമാസ യോഗം ഒക്ടോബർ 10 ന് ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ പേട്ട സെന്റ് ആൻസ് ഫെറോന ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. രൂപത ലക്ഷ്യം വയ്ക്കുന്ന കുടുംബശുശ്രൂഷ പ്രവർത്തനങ്ങൾ, ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ഫെറോനയിൽ ഒരു സെമിനാർ നടത്തി. ഫെറോന പ്രീസ്റ്റ് കോർഡിനേറ്റർ റവ. ഫാ. റോഷൻ റിച്ചാർഡ് അധ്യക്ഷത വഹിച്ചു. പേട്ട ഇടവകവികാരി റവ. ഫാ. ഡേവിഡ്സൻ, ആശംസകൾ അർപ്പിച്ചു. സഹവികാരി രജീഷ് വി രാജൻ, ഫെറോന കൺവീനർ ശ്രീമതി അൽഫോൺസ, സെക്രട്ടറി ശ്രീമതി. ശാലിനി, ആനിമേറ്റർ,

ഇടവക സിസ്റ്റർ ആനിമേറ്റർമാർ ഫെറോനയിലെ 12 ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ, കുടുംബശുശ്രൂഷ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



"രൂപത ലക്ഷ്യം വയ്ക്കുന്ന കുടുംബശുശ്രൂഷ പ്രവർത്തനങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ ക്ലാസ്സ് എടുത്തു.

"ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് ജില്ലാ വിമുക്തി ഓഫീസർ ശ്രീ. വിഘ്നേഷ് ക്ലാസ്സെടുത്തു. സമാപന സന്ദേശം ശ്രദ്ധിക്കണമെന്ന് തുറന്ന ഫെറോനാ കോർഡിനേറ്റർ റവ. ഫാ. റോഷൻ നൽകി.

**പുല്ലുവിള ഫെറോന**

ഒരു അർദ്ധദിന സെമിനാർ നടത്തി. കുടുംബജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫാ. ബേണി വർഗ്ഗീസ് OFM Cap നടത്തിയ ക്ലാസ്സിൽ 120 പേർ പങ്കെടുത്തു.

കരുണാമയൻ, ഓഖി, ഹീലിംഗ് ഹാൻഡ്സ് എന്നീ പദ്ധതികളിലൂടെയുള്ള ധനസഹായ വിതരണം നടത്തി. പ്രശ്നങ്ങളുള്ളതും ഭിന്നിച്ചു നിൽക്കുന്നതുമായ 5 കുടുംബങ്ങൾക്ക് താങ്ങും തണലുമാകാൻ സാധിച്ചു. ആഗസ്റ്റ് 15 ന് പ്രഥമദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് ദിവ്യകാരുണ്യം, കുമ്പസാരം, കുടുംബപ്രാർത്ഥന, ബൈബിൾ വായന എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കും ബോധ്യപ്പെടുത്താൻ സാധിച്ചു. ഭവനസന്ദർശനം നടത്തി, കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കാതെ ഫുഡ്ബോൾ കളിക്കുന്നതായി കണ്ടെത്തിയ യുവാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി, അവർക്കു വേണ്ടി പ്രാർത്ഥിച്ചു.

**തൂത്തൂർ ഫെറോന**

തൂത്തൂർ ഫെറോനയുടെ ഈ മാസത്തെ യോഗത്തിൽ ദുരിതവും സാമ്പത്തികമായി വിഷമങ്ങൾ അനുഭവി ക്കുന്നവരും ദാരിദ്ര്യത്തിൽ കഴിയുന്നവരുമായ നിർധന കുടുംബ ങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക, ഇതിനായി ധനശേഖരണം നടത്തുക, നവോമി ഫോറം (വിധവകൾക്കായുള്ള) രൂപീകരിക്കാത്ത ഇടവകകളിൽ രൂപീകരിക്കുക, പ്ലാൻ & ബഡ്ജറ്റിൽ കൊടു ത്തിരിക്കുന്നതുപോലെ യുവദമ്പതികളെ ശാക്തീകരിക്കുന്നതിനു വേണ്ടിയുള്ള കൂട്ടായ്മ രൂപീകരിക്കുക, ഫെറോനതലത്തിലെ കുടനിർമ്മാണം കൂടുതൽ

ശക്തമാക്കുന്നതിന്റെ ഭാഗമായി നിർധന കുടുംബങ്ങളിൽ നിന്നുമുള്ള വ്യക്തികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുക എന്നീ കാര്യങ്ങൾ തീരുമാനിച്ചു.

വയോധികരായ മാതാപിതാക്കൾ, മക്കളാൽ ഉപേക്ഷിക്കപ്പെട്ടവരെ കുടുംബസമിതിയുടെ എക്സിക്യുട്ടീവ് അംഗങ്ങൾ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ, ചികിത്സ, വ്യക്തിശുചിത്വം, ഭക്ഷ്യ ആവശ്യങ്ങൾ എല്ലാം നിറവേറ്റിക്കൊടുക്കുവാനും തീരുമാനിച്ചു.

പിരിഞ്ഞ് നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി ഭവന സന്ദർശനവും കൗൺസിലിംഗും നടത്തി വരുന്നു.

**വിവാഹ ഒരുക്കസെമിനാർ**

വിവാഹ ഒരുക്കസെമിനാർ 2022 സെപ്തംബർ 23, 24 തീയതികളിൽ കൊച്ചുപള്ളി മെഡോണ സെന്ററിൽ നടന്ന കോഴ്സിൽ 59 പേരും 2022 ഒക്ടോബർ 14, 15 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന കോഴ്സിൽ 66 പേരും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

അടുത്ത കോഴ്സുകൾ 2022 ഒക്ടോബർ 24,25, 2022 നവംബർ 11,12 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നു മാത്രമായി 8 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com.

**ഫാ. ക്രിസ്റ്റൽ റൊസാരിയോ**
**ഡയറക്ടർ**

## യുവജന ശുശ്രൂഷ

കെ.സി.വൈ.എം. അതിരൂപത സമിതി സമര പരിപാടികളും ഫൊറോനാതല സംഘടന പരിപാടികളുമായി മുന്നോട്ടു പോകുന്നു. അതിന്റെ

ഭാഗമായി പേട്ട ഫെറോനയുടെ നേതൃത്വത്തിൽ.

**പേട്ട ഫെറോന**

സെപ്റ്റംബർ മാസം മുട്ടട, ഹോളി ക്രോസ് ദേവാലയത്തിൽ വെച്ച് ഫെറോനതല ഓണാഘോഷം സംഘടിപ്പിച്ചു. ജപമാല മാസത്തോട് അനുബന്ധിച്ച് ഒക്ടോബർ 22നു ലിറ്റിൽ ഫ്ളവർ ചർച്ച്, കുശവർക്കൽ മുതൽ മുട്ടട ഹോളി ക്രോസ് ദേവാലയത്തിലേക്ക് ജപമാല റാലി സംഘടിപ്പിച്ചു. ഫെറോനാതല കലോത്സവത്തിന്റെ ഭാഗം ആയി ഒക്ടോബർ മാസം 24 ന് മുട്ടട ഹോളി ക്രോസ് ദേവാലയത്തിൽ വെച്ച് രചന മത്സരങ്ങൾ സംഘടിപ്പിച്ചു.

**കോവളം ഫെറോന**

ഒക്ടോബർ 2-ാം തീയതി 'ഷിയെൻസിയ' എന്ന പേരിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിച്ചു. അന്നേ ദിവസം തന്നെ യൂത്ത് മീറ്റ് 2022 യുവജനങ്ങൾ തമ്മിലുള്ള സൗഹൃദ ബന്ധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ചു. ഒക്ടോബർ 3 മുതൽ 30 വരെ ജപമാല മാസത്തോടനുബന്ധിച്ച് ഫെറോനയിലെ എല്ലാ ഇടവകകളിലും 'തെയോതോക്കോസ്' - ദൈവമാതാവ്, എന്ന പേരിൽ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ജപമാല യജ്ഞം സംഘടിപ്പിച്ചു. ഒക്ടോബർ 23-ാം തീയതി കോവളം ഫെറോനാ സ്ഥാപിതമായതിന്റെ സിൽവർ ജൂബിലി ആഘോഷം ജനറൽ ബോഡി യോഗത്തിൽ ആഘോഷിച്ചു.

**ഫാ. സന്തോഷ് കുമാർ**
**ഡയറക്ടർ**

## വിദ്യാഭ്യാസശുശ്രൂഷ

**ഫെറോനാ തലം**

**വലിയതുറ ഫെറോന**

വിദ്യാഭ്യാസശുശ്രൂഷാ സമിതിയോഗം 09-ാം തീയതി 4 മണിക്ക് വലിയവേളി ഹാളിൽ വച്ച് കോ-ഓർഡിനേറ്റർ ഫാ.ലെനിൻ ഫെർണാണ്ടസിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. 10 ൽ 7 ഇടവക പ്രതിനിധികളും മതബോധന പ്രഥമധ്യാപകർ 2 ഇടവകയിൽ നിന്നും പങ്കെടുത്തു. GK Competition ഇടവകതലത്തിൽ ഒക്ടോബർ 23-ാം തീയതിയും ഫെറോനാതലത്തിൽ നവംബർ 6-ാം തീയതിയും നടത്താനും SSLC, +2 ഫെറോനാതല മെറിറ്റ് അവാർഡ് ഡിസംബർ 11-ാം തീയതിയും നടത്താൻ യോഗം തീരുമാനിച്ചു. വെട്ടുകാട്, കൊച്ചുവേളി, കൊച്ചുതോപ്പ്, വലിയതുറ എന്നീ

ഇടവകകൾ ആദ്യായിരം കുറികൾ, എസ്.എസ്.എൽ.സി., +2 മെരിറ്റ് അവാർഡ്, യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചു.

**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോനയിലെ മുരുക്കുംപുഴ ഇടവകയിൽ 10th, 12th കുട്ടികൾക്കും MBBS ലെ 2 കുട്ടികൾക്കും Cash award കൊടുത്തു. കൂടാതെ സ്റ്റുഡൻസ് ഫോറം രൂപീകരിക്കുകയും മാസത്തിലെ ഒരു ശനിയാഴ്ച സ്റ്റുഡൻസ് ഫോറം നടത്തി വരികയും ചെയ്യുന്നു. കൂടാതെ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിലെ വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിനായി രൂപതയിൽ നിന്നും നൽകുന്ന ധന സഹായത്തിനായി വിവിധ ഇടവകയിൽ നിന്നും അർഹരായ പാവപ്പെട്ട കുട്ടികളിൽ നിന്നുള്ള അപേക്ഷകൾ ശേഖരിച്ചു.

**പുതുക്കുറിച്ചി ഫെറോന**

ഒക്ടോബർ 9-ാം തീയതി ഫെറോനാ സമിതിയോഗം പുതുക്കുറിച്ചി ഇടവകയിൽ വച്ച് കൂടി. ഫെറോനാ മെരിറ്റ് അവാർഡ് നൽകിയതിന്റെ വിലയിരുത്തൽ നടത്തി. എല്ലാ ഇടവകയിൽ നിന്നും +2 കുട്ടികളുടെ ലിസ്റ്റ് ശേഖരിച്ചതിനുശേഷം കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നടത്തുവാൻ തീരുമാനിച്ചു. പുത്തൻതോപ്പ്, പുതുക്കുറിച്ചി എന്നീ ഇടവകകൾ എസ്.എസ്.എൽ.സി., +2 മെരിറ്റ് അവാർഡ് നൽകി.

**പേട്ട ഫെറോന**

പോങ്ങുംമൂട് ഇടവക ഒക്ടോബർ 4-ാം തീയതി 4th std - +2 വരെയുള്ള കുട്ടികൾക്ക് നേതൃത്വ പരിശീലന ക്ലാസ്സും ചിത്രരചനാ സ്സും നടത്തി. ഒക്ടോബർ 5-ാം തീയതി 4th std - +2 വരെയുള്ള കുട്ടികൾക്കായി ശ്രീ.പത്രോസ് സാർ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തി. തുടർന്ന് ക്വിസ് മത്സരം നടത്തി. 4th std - +2 വരെയുള്ള കുട്ടികൾക്ക് പ്രസംഗ മത്സരം നടത്തി. ഒക്ടോബർ 16-ാം തീയതി ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും ക്ലാസ്സ് സംഘടിപ്പിച്ചു.

**മുട്ടട ഇടവക** - SSLC, +2 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. M.Tech ന് റാങ്ക് നേടിയ കുട്ടിയെ അനുമോദിച്ചു.

**അഞ്ചുതെങ്ങ് ഫെറോന**

സമിതിയോഗം കോ-ഓർഡിനേറ്റർ ഫ്രെഡി ജോയി

അച്ചന്റെ അധ്യക്ഷതയിൽ നടന്നു. ഫെറോന പ്രോഗ്രാം പൊതുവിജ്ഞാന ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു. അതിൻ പ്രകാരം 10/9/2022 ൽ 3 മണിക്ക് ഫെറോന സെന്ററിൽ വച്ചു നടത്തി 10 ഇടവകകളിൽ 7 ഇടവകകൾ പങ്കെടുത്തു. ഒന്നാംസ്ഥാനം അരയതുരുത്തി ഇടവക എവറോളിംഗ് ട്രോഫിയും 2000 രൂപയും രണ്ടാം സ്ഥാനം മാമ്പള്ളി 1500 രൂപയും മൂന്നാംസ്ഥാനം മുങ്ങോട് 1000 രൂപയും കരസ്ഥമാക്കി. അഞ്ചുതെങ്ങ്, വെന്നികോട്, മാമ്പള്ളി എന്നീ ഇടവകകളിൽ 30 ഓളം കുട്ടികൾക്ക് ആദ്യാക്ഷരം കുറിച്ചു. സാമ്പത്തിക സഹായത്തിനുള്ള കുട്ടികളുടെ അപേക്ഷകൾ ശേഖരിച്ച് രൂപതാ വിദ്യാഭ്യാസ ഓഫീസിൽ എത്തിച്ചു.

**പുല്ലുവിള ഫെറോന**

01/10/2022 ൽ വിദ്യാഭ്യാസശുശ്രൂഷാ സമിതിയുടെ എക്സിക്യൂട്ടീവ് യോഗം സംഘടിപ്പിച്ചു. പ്രധാനമായി പ്ലാൻ അനുസരിച്ച് നടത്തേണ്ട പരിപാടികളുടെ ക്രമീകരണങ്ങൾ നടത്തി.
ഡിഫൻസ് പരിശീലനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നീ രണ്ട് പ്രവർത്തനങ്ങൾ എല്ലാ ശനി, ഞായർ ദിവസങ്ങളിൽ 2 മണി മുതൽ 5 മണി വരെ സംഘടിപ്പിച്ചു വരുന്നു.

പുല്ലുവിള ഇടവക 1-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി സ്പളിമെന്ററി വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. അടിമലത്തുറ, പരുത്തിയൂർ എന്നീ ഇടവകകളിൽ ശനി, ഞായർ ദിവസങ്ങളിൽ 2 മണി മുതൽ 5 മണി വരെ PSC പരിശീലനം നല്കി.

പുല്ലുവിള, കരുംകുളം, പരുത്തിയൂർ എന്നീ ഇടവകകൾ സമിതിയോഗം സംഘടിപ്പിച്ചു. പള്ളം, കരുംകുളം എന്നീ ഇടവകകളിൽ വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ നേതൃത്വത്തിൽ നടത്തി വരുന്ന സ്പളിമെന്ററി വിദ്യാഭ്യാസം എല്ലാ ദിവസവും വൈകുന്നേരം 5 മണി മുതൽ 7 മണി വരെ നടക്കുന്നു.

**തുത്തൂർ ഫെറോന**

25.09.22 ന് ഫാ. അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 7 അംഗങ്ങൾ പങ്കെടുത്തു. സ്കൂളിലെ കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് ഒക്ടോബർ 25 ന് നടത്താൻ തീരുമാനിച്ചു.

**കോവളം ഫെറോന**

ശുശ്രൂഷസമിതിയോഗം മെൽക്കോൺ അച്ചന്റെ നേതൃത്വത്തിൽ കൂടി. എല്ലാ വിഷയത്തിലും A+ CBSE, ICSC സിലബസിലെ

വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നൽകാൻ തീരുമാനിച്ചു. പഠനത്തിനായുള്ള സാമ്പത്തിക സഹായത്തിന്റെ ആപ്ലിക്കേഷൻ വീടുകൾ സന്ദർശിക്കുകയും യോഗത്തിൽ ചർച്ച് ചെയ്ത് സാമ്പത്തിക സഹായം നൽകേണ്ട വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി പൂന്തുറ, വിഴിഞ്ഞം, പാലപ്പൂർ, പൂങ്കുളം, ആഴാകുളം, ഇടയാർ, കാരയ്ക്കാമണ്ഡപം, പുന്നമ്മൂട് എന്നീ ഇടവകകൾ പങ്കെടുത്തു.

വിഴിഞ്ഞം ഇടവകയിൽ SSLC, +2 ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു. +1 വിജയിക്കാത്ത വിദ്യാർത്ഥികൾക്കായി വിഴിഞ്ഞം അധ്യാപക ഫേഅറത്തിന്റെ നേതൃത്വത്തിൽ Night Study ആരംഭിച്ചു.

**ഫാ. ഡൈസൺ**
**ഡയറക്ടർ**

# കെ.സി.എസ്.എൽ

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

4 -ാം തിയതി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സംസ്ഥാന സാഹിത്യോത്സവം, ക്രെഡോ ക്വിസ് തുടങ്ങിയവ ചർച്ച ചെയ്തു. പരിപാടികൾക്കും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**2. സംസ്ഥാനതല സാഹിത്യോത്സവം**

സംസ്ഥാനതല സാഹിത്യോത്സവം (രചന മത്സരങ്ങൾ) 2022 ഒക്ടോബർ 8-ാം തിയതി പട്ടം സെന്റ്. മേരീസ് എച്.എസ്.എസ്. സ്കൂളിൽ വച്ച് നടത്തി. അതിരൂപത സംഘടിപ്പിച്ച സാഹിത്യോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ 66 കുട്ടികളെ സംസ്ഥാനതല സാഹിത്യോത്സവത്തിൽ പങ്കെടുപ്പിച്ചു.

**3. ക്രേദോ ക്വിസ്**

വിശ്വാസം, പഠനം, സേവനം എന്ന കെ.സി.എസ്.എൽന്റെ ആപ്തവാക്യത്തെ അടിസ്ഥാനമാക്കി കുട്ടികളിൽ വിശ്വാസം ആഴപ്പെടുത്തുന്നതിനും പൊതുവിജ്ഞാനം വളർത്തുന്നതിന്റെയും ഭാഗമായി Credo 2022 ക്വിസ് മത്സരം ഒക്ടോബർ 15-ാം തിയതി നടത്തി. 55 ടീമുകളിലായി 110 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**ഫാ. നിജു അജിത്ത്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# ഹെറിറ്റേജ് കമ്മിഷൻ

വിശുദ്ധദേവസഹായം 2022 മെഹാക്വിസ്സിൽ ഇടവകതലത്തിൽ വിജയിക്കളായവരെ ഉൾപ്പെടുത്തിക്കൊണ്ട് വിശുദ്ധ ദേവസഹായത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് തീർത്ഥാടനയാത്ര സംഘടിപ്പിച്ചു. കോട്ടാർ കത്തീഡ്രൽ വികാരി ഫാ.സ്റ്റാൻലി സഹായശീലൻ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തീർത്ഥാടന യാത്രയിൽ 49 പേർ പങ്കെടുത്തു. നട്ടാടലം, മുട്ടിടിച്ചാൻപാറ, വടക്കൻകുളം, കാറ്റാടിമല, കോട്ടാർ എന്നീ കേന്ദ്രങ്ങളാണ് സംഘം സന്ദർശിച്ചത്.

**ഫാ. സിൽവെസ്റ്റർ കുരിശ്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# സാമൂഹ്യ ശുശ്രൂഷ

## I. നീതി സമാധാനം വികസന കമ്മീഷൻ

### 1.1 കാര്യശേഷിവികസന വിഭാഗം

1) 8 ഫെറോനകളിലും എക്സിക്യൂട്ടീവ് സമിതി യോഗം സംഘടിപ്പിച്ചു.
2) ഫെറോനാതല അർദ്ധവാർഷിക യോഗങ്ങൾ ക്രമീകരിച്ചു.
3) 3/9/2022 ശനിയാഴ്ച തീരദേശ ഫെറോനകളിൽ ഫെറോന പ്രവർത്തകയോഗം കൂടി.
4) സ്റ്റാഫ് അംഗങ്ങൾക്കായി നടത്തിയ കവിത രചന മത്സരത്തിൽ ഒന്നാം സമ്മാനം ശ്രീമതി സിന്ധുവിനും രണ്ടാം സമ്മാനം ശ്രീമതി ശാരിക്കും ലഭിച്ചു.
5) സെപ്റ്റംബർ ആറാം തീയതി റ്റി. എസ്. എസ്. എസ്. കുടുംബം ഓണം ആഘോഷിച്ചു.
6) കോവളം, അഞ്ചുതെങ്ങ് ഫെറോനകളിലെ 2 വിദ്യാർത്ഥികൾക്ക് പി. എസ്. സി കോച്ചിംങ്ങിന് ധനസഹായം നൽകി.
7) ഗ്രാമസഭയെക്കുറിച്ചും സഭയിൽ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും 24/9/2022 ൽ വെണ്ണിക്കോടും 25/9/2022 ൽ മാമ്പള്ളിയിലും ചമ്പാവിലും മുങ്ങോടും ക്ലാസ് നൽകി 38, 52, 26, 47 എന്നീ ക്രമത്തിൽ ജനപങ്കാളിത്തം ലഭിച്ചു.
8) സെക്ഷൻ തല റിവ്യൂ യോഗങ്ങൾ 28, 29, 30 തീയതികളിൽ സംഘടിപ്പിച്ചു.
9) മേഖലാതല ആനിമേറ്റർമാരുടെ യോഗം 22/9/2022 ൽ നടന്നു.
10) വിഴിഞ്ഞം അതിജീവന സമരത്തിന്റെ ഭാഗമായി മുല്ലൂരിൽ

സമരപ്പന്തലിൽ മൂന്നു ദിവസത്തിലൊരിക്കൽ സ്റ്റാഫ് അംഗങ്ങളുടെ മെസ് ഡ്യൂട്ടി ക്രമീകരിച്ച് ആവശ്യമായ ജോലികൾ ചെയ്യുന്നു.

11) 18/9/2022 ന് വിഴിഞ്ഞം അതിജീവന സമരത്തിന് വിവിധ ശുശ്രൂഷകളുടെ നേതൃത്വത്തിൽ നടത്തിയ സമരത്തിൽ സാമൂഹ്യ ശുശ്രൂഷയെ പ്രതിനിധീകരിച്ച് ശ്രീമതി ബബിത, ശ്രീമതി ലീജ സ്റ്റീഫൻ എന്നിവർ ഉപവസിക്കുകയും സ്റ്റാഫ് അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.
12) 1/9/2012 വിഴിഞ്ഞം അതിജീവന സമരത്തിന് മുന്നോടിയായി വനിതാ ആനിമേറ്റർമാരുടെ യോഗം കൂടി. 4/9/2022 ന് വനിതകളുടെ നേതൃത്വത്തിൽ സമരം നടത്തുവാൻ തീരുമാനിച്ചു.
13) 4/9/2022 ന് തീരദേശ വനിതകളുടെ നേതൃത്വത്തിൽ നടത്തേണ്ട സമരത്തിനുള്ള ക്രമീകരണങ്ങൾ നടത്തി.
14) 22/9/2022 നും 29/9/2022 നും തീരദേശ വനിതാ നേതാക്കളുടെ യോഗം കൂടി. വനിതകളുടെ നേതൃത്വത്തിൽ ഒക്ടോബർ 5 മുതൽ 9-ാം തീയതി വരെ സമരം നടത്തുവാൻ തീരുമാനിച്ചു. ഫെറോനതലത്തിൽ വനിതകളുടെ നേതൃത്വത്തിൽ സമര സമിതി രൂപീകരിക്കുവാനും തീരുമാനിച്ചു.

**1.4 ഓഖി പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

1) വലിയതുറ, പുതുക്കുറിച്ചി, തൂത്തൂർ ഫെറോനകളിൽ 185 ഗുണഭോക്താക്കൾക്കുള്ള പ്രതിമാസ സഹായം ബാങ്കിൽ നിക്ഷേപിച്ചു.
2) വലിതുറ, പുതുക്കുറിച്ചി, തൂത്തൂർ ഫെറോനകളിലെ ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ വിവരശേഖരണം സാധ്യമായി.
3) വലിയതുറ, പുതുക്കുറിച്ചി, തൂത്തൂർ ഫെറോനകളിലെ ഗുണഭോക്താക്കളുടെ കൂടിവരവും ബോധവൽക്കരണവും നടന്നു.
4) ഓഖി സേവ് എ ഫാമിലി ഗുണഭോക്താവ് വിഴിഞ്ഞം സ്വദേശി പൊൻസീലിയുടെ ഭവനം ജപ്തി ചെയ്യുന്നതിനുള്ള ബാങ്ക് നോട്ടീസ് വന്നതിനെതുടർന്ന് സ്ഥലം എം.എൽ.എ യ്ക്കും മുഖ്യമന്ത്രിക്കും ഗുണഭോക്താവിനെ കൊണ്ട് നിവേദനം നൽകിച്ചു.

**1.5 കാരുണ്യപൂർവം**

1) 115 കുടുംബങ്ങൾക്ക് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ തുകയായ 1800 രൂപാ ക്രമത്തിൽ 2,07,000 രൂപ ബാങ്കിൽ നിക്ഷേപിച്ചു.

2) കൊച്ചുപള്ളി, മുരുക്കുംപുഴ, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, തുമ്പ ഇടവകകളിലെ 7 ഗുണഭോക്താക്കൾക്ക് രണ്ടുമാസത്തെ സഹായം തുകയായി ആകെ 13,700 രൂപ നൽകി.

3) 23/9/2022 ൽ വലിയതുറ ഫെറോനയിലെ ഗുണഭോക്താക്കളുടെ യോഗം നടത്തി.

4) പുതുക്കുറിച്ചി ഫെറോന ഒഴികെ 32 പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനായി ഇടവക വികാരിമാർക്ക് കത്തുകൾ അയച്ചു.

5) 3 ഫെറോനകളിലായി 14 ഭവനങ്ങൾ സന്ദർശിച്ചു. കുടുംബങ്ങളിലെ സ്വയം തൊഴിലുകൾ വിലയിരുത്തി ഫണ്ട് വിഡ്രോവൽ ഫോം വിതരണം ചെയ്തു.

6) തൂത്തൂർ ഫെറോന –1, പാളയം ഫെറോന –8, പേട്ട ഫെറോന –2, പുല്ലുവിള ഫെറോന –1, കഴക്കൂട്ടം – 2, പേട്ട – 2 എന്നീ ക്രമത്തിൽ 9 പേർ സ്വയം തൊഴിലുകൾക്കായും 6 പേർ കാലാവധി പൂർത്തിയാക്കിയും ഒരാൾ വിദ്യാഭ്യാസ ആവശ്യത്തിനായും ആകെ 1,67,703 രൂപ ഫണ്ട് പിൻവലിച്ചു.

7) മണക്കാട്(1), കൊല്ലംകോട്(1), മങ്ങാട്ടുകോണം(2) ഇടവകകളിലെ ഗുണഭോക്താക്കളുടെ മക്കൾക്ക് വലിയതുറ ഐ.ടി.ഐ, കരുംങ്കുളം കമ്മ്യൂണിറ്റി കോളേജ്, CEEF എന്നിവിടങ്ങളിൽ അഡ്മിഷൻ എടുക്കുന്നതിനുള്ള സഹായം നൽകി.

8) അഞ്ചുതെങ്ങ് ഫെറോന പൂത്തുറ ഇടവകയിലെ ഒരംഗത്തിന് ഹോളിക്രോസ് സിസ്റ്റേഴ്സ് നടത്തിവരുന്ന വില്ലേജ് ഡവലപ്പ്മെന്റ് ത്രൂ എഡ്യുക്കേഷൻ എന്ന പദ്ധതി വഴി സൗജന്യ നഴ്സിംഗ് കോഴ്സ് പഠിക്കുന്നതിനായുള്ള അപേക്ഷ നൽകി.

9) കഴക്കൂട്ടം ഫെറോന മങ്ങാട്ടുകോണം ഇടവകയിലെ ഒരു വിദ്യാർത്ഥി CNC Course പഠിക്കുന്നതിനായി രൂപതയിൽ ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ Institutions Co ordinator ശ്രീ. ലവകുമാറിന്റെ സഹായത്തോടെ വിവിധ CNC Institutions നെ ക്കുറിച്ച് പരിചയപ്പെടുത്തുകയും വിദ്യാർത്ഥി എറണാകുളം CMAS Technologies അഡ്മിഷൻ എടുക്കുകയും ചെയ്തു.

**1.7 സാമൂഹ്യസുരക്ഷ പദ്ധതി (ലോക് മഞ്ച്)**

1) കരുംകുളം പഞ്ചായത്തിൽ പോക്കറ്റ് തലത്തിൽ യോഗം കൂടി മറവിരോഗം, ദുരന്തനിവാരണം എന്നീ വിഷയങ്ങളിൽ അവബോധം നൽകി

2) 17/09/2022 ൽ പരണിയം കൃഷിഭവനിൽ നിന്ന് കറിവേപ്പില,

സീതപ്പഴം, മാവ് എന്നിവയുടെ തൈകൾ ശേഖരിച്ച് കമ്മ്യൂണിറ്റി ലീഡേഴ്സിന് സി.എൽ.എസ് വിതരണം ചെയ്തു.

3) 19/09/2022 ൽ സി.എൽ.എസ് അംഗങ്ങൾക്ക് ദുരന്തനിവാരണം എന്ന വിഷയത്തിൽ അവബോധം നൽകി. 22 അംഗങ്ങൾ പങ്കെടുത്തു.
4) 23/09/2022 ൽ കാഞ്ഞിരംകുളം, കരുംകുളം, പൂവ്വാർ കഠിനംകുളം എന്നീ പഞ്ചായത്തുകളിൽ തെരുവുനായ ശല്യത്തിനെതിരെ സ്വീകരിച്ച നടപടികളുടെയും പ്രവർത്തനങ്ങളുടെയും വിവരശേഖരണത്തിനായി സി.എൽ.എസ് അംഗങ്ങളുടെ നേതൃത്വത്തിൽ ആർ.റ്റി.ഐ സമർപ്പിച്ചു.
5) 6 മാസമായി പെൻഷൻ ലഭിക്കാതെ മുടങ്ങി കിടന്ന 9 വയോധികർക്ക് പെൻഷൻ ലഭ്യമാക്കി.

## II. തൊഴിൽ കാര്യ കമ്മീഷൻ

1) 24/09/2022 ൽ 'KLM & DESIRE PROJECT'ന്റെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കും സ്ത്രീകൾക്കുമായുള്ള 'വൊക്കേഷണൽ റിഹാബിലിറ്റേഷനെ' കുറിച്ചുള്ള ആദ്യഘട്ട പരിശീലനം നല്കി.
2) അഞ്ചുതെങ്ങ് (5/9/2022), കോവളം (25/9/2022), പുല്ലുവിള ( 25/9/2022), പുതുക്കുറിച്ചി (20/9/2022), പാളയം (24/9/2022) എന്നീ ഫെറോനകളിൽ തൊഴിൽക്കാര്യകമ്മീഷൻ ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.
3) 40 ഇടവകകളിൽ KLM ഇടവക തല എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.
4) പുല്ലുവിള (10), പുതുക്കുറിച്ചി (8), കോവളം (12) ഫെറോനകളിൽ നിന്ന് 30 ക്ഷേമനിധി അംഗത്വം പുതുക്കി. വലിയതുറ ഫെറോനയിൽ 10 തയ്യൽ തൊഴിലാളികൾ ക്ഷേമനിധി അംഗത്വം എടുക്കാനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
5) വിഴിഞ്ഞം, മര്യനാട്, പരുത്തിയൂർ, കൊല്ലംകോട്, പൂവാർ, പള്ളം, പുതിയതുറ ഇടവകകളിൽ തയ്യൽ തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.
6) കാക്കാമൂല, പുത്തൻതോപ്പ്, മര്യനാട് ഇടവകകളിൽ കർഷക തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.
7) പരുത്തിയൂർ, വെട്ടുകാട് ഇടവകകളിൽ മോട്ടോർ വാഹന തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.

8) ചൊവ്വര ഇടവകയിൽ IGP പ്രവർത്തനങ്ങളുടെ ഭാഗമായി അച്ചാർ നിർമ്മാണവും വില്പനയും നടന്നു.

9) ആഴാകുളം (12), പരുത്തിയൂർ (10), പള്ളിത്തുറ (2), മരിയനാട് (3), ഫാത്തിമപുരം (3) എന്നീ ഇടവകകളിൽ നിന്ന് 30 പേർ KLM അംഗത്വം പുതുക്കി.

സമന്വയ

## III. ആരോഗ്യ കാര്യ കമ്മീഷൻ

1) 26/09/2022 വിഴിഞ്ഞം-35, 21/09/2022 അഞ്ചുതെങ്ങ് -60 24/09/2022 വലിയതുറ- 35 24/09/2022 പാളയം -8 എന്നീ ക്രമത്തിൽ എസ്.എച്ച്.ജി അംഗങ്ങൾക്ക് മറവി രോഗത്തെക്കുറിച്ചുള്ള ക്ലാസ്സ് നൽകി.

2) മെഡിക്കൽ ക്യാമ്പുകൾ, ജി.എൻ.എം പുതുക്കുറിച്ചി-1 62 പേർ, ആറ്റിങ്ങൽ ജി.എൻ.എം -1-70 പേർ, പാളയം ഐ ക്യാമ്പ്, 41 പേർ എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

3) 24/09/2022 ക്ക് ഭിന്നശേഷികുട്ടികളുടെ മാതാപിതാക്കളുടെ രൂപതാതലസംഗമം സംഘടിപ്പിച്ചു. 35 കുട്ടികളുടെ മാതാപിതാക്കൾ പങ്കെടുത്തു.

4) പുല്ലുവിള ഫെറോനയിലെ ഒരു കിടപ്പുരോഗിക്കും, നീരോടി ഇടവകയിലെ ബിജുവിനും വീൽ ചെയർ നൽകി സഹായിച്ചു.

5) 16/8/2018ൽ പൂന്തുറ സെൻറ് തോമസ് സ്കൂളിലും, 19/8/2022 വിഴിഞ്ഞം സെൻമേരിസ് സ്കൂളിലും 19/8/22 പുതുക്കുറിച്ചി സെന്റ് മൈക്കിൾ സ്കൂളിലും കാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു 200, 300, 35 എന്നീ ക്രമത്തിൽ കുട്ടികൾ പങ്കെടുത്തു

6) പുല്ലുവിള, വലിയതുറ, തൂത്തൂർ എന്നീ ഫെറോനകളിലെ എസ്.എച്ച്.ജി അംഗങ്ങൾക്ക് RTI/STI/UTI ബോധവൽക്കരണ ക്ലാസ്സ് നടത്തി.

7) 24/09/2022 ൽ വിഴിഞ്ഞം ഇടവകയിൽ വയോധികർക്ക് ജീവിത ശൈലി രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് നൽകി 45 പേർ പങ്കെടുത്തു.

8) 24/09/2022 വിഴിഞ്ഞം, 19/09/2022 വലിയതുറ എന്നീ ഇടവകകളിൽ വയോമിത്രം ക്യാമ്പ് നടത്തി 48/51 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

9) കോവളം പുതുക്കുറിച്ചി, പുല്ലുവിള, പാളയം, വലിയതുറ, തൂത്തൂർ, അഞ്ചുതെങ്ങ്, പേട്ട എന്നീ ഫെറോനകളിലെ 32

കിടപ്പുരോഗികളുടെയും 45 കാൻസർ രോഗികളുടെയും ഭവനങ്ങൾ രൂപതാ ഹെൽത്ത് കോർഡിനേറ്ററും ഫെറോന ആനിമേറ്റർമാരും സന്ദർശിച്ചു.

10) പുല്ലുവിള, തൂത്തൂർ, ഫെറോനയിൽ ഹെൽത്ത് ക്ലബ് അംഗങ്ങളുടെ മാസയോഗം സംഘടിപ്പിച്ചു.

11) അതിരൂപത 6 രോഗികൾക്ക് 31,000 രൂപയും 7 കാൻസർ രോഗികൾക്കും, 4 ഹൃദ്രോഗികൾക്കും വെട്ടുകാട് ഇടവക 45000 രൂപ രോഗി ധനസഹായം നൽകി.

## IV. സ്ത്രീകളും കുട്ടികളും

### 4.1(b) ചൈൽഡ് പാർലമെന്റ്

പേട്ട ഫെറോനയിൽ കുമാരപുരം ഇടവകയിൽ ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. ഇടവക കുന്നിൻപുറം ചൈൽഡ് പാർലമെന്റ് അംഗങ്ങൾ ലൈബ്രറി ആരംഭിച്ചു.

പുല്ലുവിള ഫെറോനയിലെ ചൈൽഡ് പാർലമെന്റ് അംഗങ്ങൾ പോലീസ് സ്റ്റേഷൻ സന്ദർശനം നടത്തുകയും അവരോട് ആശയവിനിമ നടത്തുകയും ചെയ്തു. പുല്ലുവിള ഫെറോനാ ചൈൽഡ് പാർലമെന്റ് അംഗങ്ങൾ ലഹരിക്കെതിരെ പോസ്റ്ററുകൾ തയ്യാറാക്കി മൗന പ്രതിഷേധം നടത്തി. പുല്ലുവിള ഫെറോന കരിങ്കുളം ഇടവകയിൽ കോളിറ്റി എജുക്കേഷൻ സെന്റർ ആരംഭിച്ചു.

### 4.1(c) ചൈൽഡ് ലൈൻ

1) ചൈൽഡ്ലൈൻ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി വെങ്ങാനൂർ, നന്തൻകോട്, പേരൂർക്കട, ശംഖുമുഖം, ശ്രീകാര്യം എന്നിവിടങ്ങളിൽ ഔട്ട്-റീച്ച് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി.

2) 02/09/2022 വിതുര ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾക്കായി കുട്ടികൾക്കിടയിൽ ലഹരിയുടെയും മൊബൈൽ ഫോണിന്റെയും അമിത ആസക്തി എന്ന വിഷയത്തിന്മേൽ ബോധവത്കരണ ക്ലാസ് നൽകി. 60 പേർപങ്കെടുത്തു.

3) 02/09/2022 ന് MSW, BSW വിദ്യാർത്ഥികൾക്കായി ചൈൽഡ് ലൈൻ സേവനങ്ങളെക്കുറിച്ച് ടീം അംഗം ആതിര ബോധവത്കരണ ക്ലാസ് നൽകി. 6 പേർ പങ്കെടുത്തു.

4) 30/09/2022 ന് നെടുങ്കണ്ട ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ചൈൽഡ്ലൈൻ സേവനങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ എന്നീവിഷയത്തിന്മേൽ നാല് സെഷനുകളി

ലായി 120 കുട്ടികൾക്കായി ടീം അംഗങ്ങൾ ക്ലാസ് നൽകി.

5) 30/09/2022 ന് നെടുങ്കണ്ട ഹയർസെക്കന്ററി സ്കൂൾ അധ്യാപകർക്കായി കുട്ടികളുടെ അവകാശങ്ങൾ, പോക്സോ നിയമം 2012 എന്നീവിഷയങ്ങളിന്മേൽ എന്നിവർ ക്ലാസ് നൽകി. 19 അധ്യാപകർ പങ്കെടുത്തു.

6) 12/09/2022 ന് അഞ്ചുതെങ്ങ് പഞ്ചായത്ത്വാർഡ് തല ബാല സംരക്ഷണസമിതികളുടെ രൂപീകരണവും ശാക്തീകരണവും പദ്ധതിയുടെഭാഗമായി റിവ്യൂയോഗം അഞ്ചുതെങ്ങ് പഞ്ചായത്ത് ഹാളിൽവച്ച് കൂടുകയും14 വാർഡിലെയും പ്രതിനിധികൾ പങ്കെടുക്കുകയും കമ്മിറ്റി അംഗങ്ങൾ വാർഡിലെണ CPC പ്രവർത്തനങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. CIF പ്രതിനിധി ശ്രീകിരൺ ദാസ് യോഗം വിലയിരുത്തി.

7) അഞ്ചുതെങ്ങ് പഞ്ചായത്ത് വാർഡ്തല ബാലസംരക്ഷണ സമിതികളുടെ രൂപീകരണവും ശാക്തീകരണവും പദ്ധതിയുടെ ഭാഗമായി 14 വാർഡിലെയും കുട്ടികൾക്കായി കുട്ടികളുടെ സംഘം രൂപീകരണം എന്ന ആശയത്തിന്മേൽ സെഷൻ നൽകുകയും കുട്ടികളുടെ ഭാഗത്തുനിന്നും സംഘത്തിന് പേരും ലോഗോയും നിർദേശിക്കുകയും ചെയ്തു.

8) ചൈൽഡ്ലൈൻ പ്രവർത്തകരുടെ കാര്യശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീ.കരുണാനിധി മറ്റ് അംഗങ്ങൾക്കായി ബാല നീതി നിയമം 2015 എന്ന വിഷയത്തിന്മേൽ ക്ലാസ് നൽകി. 7 അംഗങ്ങൾ പങ്കെടുത്തു.

### 4.3 സ്ത്രീശാക്തീകരണം വലിയതുറ

1) പദ്ധതിയിൽ പങ്കാളികളാകുന്ന ഗുണഭോക്താക്കളുടെ യോഗം 17/09/2022, 10:30 amന് നടന്നു.

2) SHG ലോക്കൽ ഫെഡറേഷൻ മീറ്റിംഗ് പൂന്തുറ, ബീമാപള്ളി, ചെറിയതുറ, സെന്റ് സേവിയേഴ്സ്, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 07/09/2022, 13/09/2022, 17/09/2022, 13/09/2022, 29/09/2022, 21/09/2022 തീയതികളിൽ നടന്നു.

3) SHG റീജിണൽ ഫെഡറേഷൻ യോഗം 20/09/2022, 10:30 am ന് ചെറിയതുറയിൽ വെച്ച് നടന്നു.

4) മത്സ്യകച്ചവട സ്ത്രീകളുടെ മാസയോഗങ്ങൾ പൂന്തുറ, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 11/09/2022, 22/09/2022, 04/09/2022, 04/09/2022 നടന്നു.

5) ചന്തകൾ സന്ദർശിച്ചു, ആവശ്യാനുസരണം കോർപ്പറേഷനിൽ മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ ഫലമായി, follow up ഈ മാസം നടത്തി വരുകയും ചെയ്തു.
6) പുരുഷ സ്വയം സഹായ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ യോഗം, കൊച്ചുതോപ്പിൽ 25/09/2022 ന് നടന്നു.
7) കൗമാരപ്രായക്കാരുടെ ഫോറം ശക്തിപ്പെടുത്തൽ 10/09/2022 ന് (പൂന്തുറ, ബീമാപള്ളി, ചെറിയതുറ), 21/09/2022 ന് (വലിയതുറ, കൊച്ചുതോപ്പ്) എന്നീ പ്രദേശങ്ങളിൽ നടന്നു.
8) ഇടവകതലത്തിൽ സ്ത്രീകൂട്ടായ്മ ശക്തിപ്പെടുത്തൽ 28/09/2022 വലിയതുറ, 21/09/2022 കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
9) ഫൊറോന തലത്തിൽ സ്ത്രീകൂട്ടായ്മ കമ്മിറ്റി അംഗങ്ങളുടെ യോഗം 21/09/2022, 10:30 am ന് ചെറിയതുറ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്നു.
10) തെരഞ്ഞെടുക്കപ്പെട്ട 100 സ്ത്രീകൾക്ക് ഓർഗാനിക് ഗാർഡൻ പരിശീലനം 28/09/2022, 29/09/2022, 30/09/2022 എന്നീ തീയതി കളിൽ നടന്നു.
11) തിരഞ്ഞെടുക്കപ്പെട്ട 20 സ്ത്രീകൾക്ക് മത്സ്യസംസ്കരണ ഉൽ പ്പന്നങ്ങളുടെ പരിശീലനം നൽകി.
12) കാറ്ററിംഗ് യൂണിറ്റ് പരിശീലനം ചെറിയതുറ ഇടവകയിൽ വെച്ച് നടന്നു.
13) രണ്ടുമാസത്തെ തയ്യൽ പരിശീലനത്തിനുശേഷം തിരഞ്ഞെ ടുക്കപ്പെട്ട ഇരുപത് സ്ത്രീകൾക്ക്, മൂന്നാം മാസത്തെ പരിശീലനം നൽകി.
14) തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ മനസ്സിലാക്കുന്ന സൂചികകൾ തയ്യാറാക്കലും നിരീക്ഷണവും 13/09/2022, 2:00 pmന് Valiyathura കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്നു.
15) ഫൊറോന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട നഗരസഭ കൗൺ സിലർമാർക്കും മറ്റുമുള്ള പരിശീലന പരിപാടി 16/09/2022 വലിയതുറയിൽ വെച്ച് നടന്നു.

**സ്ത്രീശാക്തീകരണം (അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള)**

1) അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള എന്നീ പദ്ധതി പ്രദേ ശങ്ങളിലെ പദ്ധതി പ്രവർത്തകർക്ക് സുഗമമായ പദ്ധതി പ്രവർത്തനത്തിന് 9 ഇലക്ട്രിക് സ്കൂട്ടറുകൾ വിതരണം ചെയ്തു.
2) അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നീ പദ്ധതി പ്രദേശങ്ങളിൽ

3 സ്ത്രീകൂട്ടായ്മകൾ രൂപീകരിക്കുകയും പുല്ലുവിളയിൽ ശാക്തീകരണവും നടത്തി.

3) പദ്ധതി പ്രദേശങ്ങളായ അഞ്ചുതെങ്ങ്, പുതിയതുറ എന്നീ ഇടവകകളിലെ 64 മത്സ്യത്തൊഴിലാളികൾക്ക് 'കാലാവസ്ഥ വ്യതിയാനം, തീരശോഷണം' എന്നീ വിഷയങ്ങളിൽ അവബോധം നൽകി.
4) പദ്ധതി പ്രദേശത്തെ 10 ഇടവകകളിലെ തിരഞ്ഞെടുക്കപ്പെട്ട 193 കൗമാര കുട്ടികൾക്ക് 'കുട്ടികളുടെ നിയമങ്ങളും അവകാശങ്ങളും' എന്ന വിഷയത്തിലുള്ള അവബോധം നൽകി.
5) പദ്ധതി പ്രദേശമായ പുല്ലുവിളയിൽ 22 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.
6) പദ്ധതി പ്രദേശത്തെ സ്വയം സഹായ സംഘങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് പഞ്ചായത്ത് പദ്ധതികളിലെ ലിംഗനീതി കാഴ്ചപ്പാട് നിരീക്ഷിക്കുവാനും വിലയിരുത്തുവാനുമുള്ള പരിശീലനം നടത്തി.
7) പദ്ധതി പ്രദേശത്തെ തിരഞ്ഞെടുക്കപ്പെട്ട 25 സ്ത്രീകൾക്ക് അഡ്വാൻസ്ഡ് തയ്യൽ പരിശീലനം നടത്തി വരുന്നു.

## V. പ്രവാസി

1) നോർക്കയുടെ പദ്ധതി വഴി തിരുവനന്തപുരം ജില്ലയിലെ പല ഭാഗങ്ങളിലുള്ള 12 പേർക്ക് 50,000 രൂപ വീതം 6 ലക്ഷം രൂപ ചികിത്സാധനസഹായമായി ലഭിച്ചു.
2) തിരുവനന്തപുരം മെഡിക്കൽ കോളേജ്, കിംസ് ഹോസ്പിറ്റൽ എന്നിവയിലെ 5 ഡോക്ടർമാരുടെയും ഹെൽപ് ഡസ്കിന്റെയും ശ്രമഫലമായി 8 പേർക്ക് സൗജന്യമായി ഡയാലിസിസ് നടത്തുവാൻ സാധിച്ചു.
3) ജോയ് ആലൂക്കാസിന്റെ സഹായത്തോടെ 18 രോഗികൾക്ക് ഫ്രീ ഡയാലിസിസ് കിറ്റ് നൽകി.
4) രൂപതാ ഹെൽപ്ഡെസ്ക്കിന്റെയും നോർക്ക റൂട്ട്സിന്റെയും സഹായത്തോടെ ബി.എസ്.സി, എം.എസ്.സി നഴ്സിംഗ് കഴിഞ്ഞ് ജർമ്മൻ ഭാഷ പാസ്സായ 4 പേർക്ക് ജർമ്മനിയിൽ ജോലി ലഭിച്ചു.
5) കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മരണമടഞ്ഞ 5 വ്യക്തികൾക്ക് 1 ലക്ഷം രൂപ വീതം 5 ലക്ഷം രൂപ മരണാനന്തര സഹായമായി ലഭിച്ചു.

6) 9 ഫെറോനയിലെ വിവിധ ഇടവകയിൽ പ്രവാസിദിനം ദിവ്യബലിയോടുകൂടി ആചരിച്ചു. പ്രവാസികളെ ആദരിച്ചു. തുമ്പ ഇടവകയിൽ 10 അതിഥി തൊഴിലാളികൾക്ക് 1000 രൂപ വീത നൽകി.
7) ഹെൽപ് ഡസ്ക്ക് വഴി 12 കുട്ടിളുടേയും 8 കുടുംബങ്ങളുടെയും പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെടുകയും പ്രശ്ന പരിഹാരം നടത്തുകയും ചെയ്തു.
8) ഫെയ്ക്ക് വിസയിൽ നിന്നും 8 പേരെ രക്ഷപ്പെടുത്തി. 82,00,000 രൂപ സേവ് ചെയ്തു.

## VI. മദ്യവിരുദ്ധ/പരിസ്ഥിതി കമ്മീഷൻ

### 6.1 മദ്യവിരുദ്ധ പ്രവർത്തനങ്ങൾ

1) 25/9/2022 ൽ പൂത്തുറ ഇടവകയിൽ ഫാ. ബീഡ് മനോജിന്റെ അധ്യക്ഷതയിൽ എക് സൈസ്, പോലീസ്, രൂപത ലഹരി കമ്മീഷൻ പ്രതിനിധികളുടെ നേതൃത്വത്തിൽ 'ഗ്രാമദീപം' പ്ലാനിങ് യോഗം നടന്നു.
2) വലിയതുറ, കൊച്ചുതോപ്പ്, പുന്നയ്ക്കാമുകൾ, പൂത്തുറ ഇടവകകളിൽ 'ഗ്രാമദീപം' പ്രവർത്തനങ്ങൾ നടന്നുവരുന്നു.
3) ലൂർദ്പുരം, വലിയതുറ, കൊച്ചുതോപ്പ് ഇടവകകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
4) വലിയതുറ ഫൊറോനയിൽ ഫെറോന ലഹരി വിരുദ്ധ സമിതി യോഗവും വലിയതുറ ഇടവകയിൽ ഇടവക ലഹരി വിരുദ്ധ സമിതി യോഗവും നടന്നു.
5) അഞ്ചുതെങ്ങ്, വിഴിഞ്ഞം ഇടവകകളിൽ A.A ഗ്രൂപ്പ് യോഗങ്ങൾ കൂടി.
6) പള്ളം, വലിയതുറ ഇടവകകളിൽ മുക്തി ധ്യാനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.
7) പള്ളം, വലിയതുറ ഇടവകകളിൽ ലഹരിവസ്തുക്കൾ വിൽക്കുന്ന കടകൾ സന്ദർശിച്ച് താക്കീത് നൽകി.
8) പുന്നയ്ക്കാമുകൾ ഇടവകയിൽ മദ്യപാനം ഉപേക്ഷിച്ച ഒരു വ്യക്തിയെ ആദരിച്ചു.

### 6.2 പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ

1) തീര സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി തുമ്പ ഇടവകയിൽ കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലന്റേഷൻ ഏര്യ സോഷ്യൽ ഫോറസ്ട്രി ഓഫീസേഴ്സ് സന്ദർശിച്ചു.

2) വെണ്ണിക്കോട്, ചിന്നത്തുറ, വലിയതുറ ഇടവകകളിൽ ഇടവക തല പരിസ്ഥിതി സംരക്ഷണ സമിതി യോഗം നടന്നു.
3) വെണ്ണിക്കോട്, ചമ്പാവ്, മൂങ്ങോട്, മാമ്പള്ളി, പൂത്തുറ, തുമ്പ, പൂവാർ, കൊല്ലംകോട് പുല്ലുവിള, പരുത്തിയൂർ, വെള്ളലുമ്പ്, കൊച്ചുതുറ പുതിയതുറ, ചിന്നത്തുറ, വലിയതുറ, സെന്റ് സേവിയേഴ്സ്, ചെറിയതുറ ഇടവകകളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
4) പരുത്തിയൂർ, പുല്ലുവിള, വെള്ളലുമ്പ്, കൊല്ലംകോട്, പൂന്തുറ, കൊച്ചുതോപ്പ് വലിയതുറ, ചെറിയതുറ, സെന്റ് സേവ്യേയേഴ്സ് എന്നിവിടങ്ങളിലായ് 20 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു.
5) 25/9/2022 ക്ലീൻ 'ഗ്രീൻ ചിന്നത്തുറയുടെ ഭാഗമായി 'ക്ലീനിങ് ഫിയസ്ത' സംഘടിപ്പിച്ചു.
6) തീര സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പൂവാർ ഇടവകയിൽ കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിച്ചു.

**ഫാ. ആഷ്‌ലിൻ ജോസ്**
**ഡയറക്ടർ**

# മത്സ്യമേഖല ശുശ്രൂഷ

**അതിരൂപതാതലം**

**വിലയിരുത്തൽ യോഗം**

ഒക്ടോബർ 18ന് വെള്ളയമ്പലം ഫിഷറീസ് ഓഫീസിൽ വച്ച് വിലയിരുത്തൽ യോഗം നടന്നു. ഫെറോനാ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. 23-ാം തീയതി വിഴിഞ്ഞം മുള്ളൂരിൽ നടക്കുന്ന അതിജീവന സമരത്തിന് മത്സ്യമേഖല ശുശ്രൂഷ സമിതി, റ്റി.എം. എശ്. മത്സ്യക്കച്ചവട സ്ത്രീ ഫോറം എന്നിവരാണ് നേതൃത്വം കൊടുക്കേണ്ടത് എന്ന് അറിയിച്ചു.

**5. വിഴിഞ്ഞം പ്രതിഷേധ സമരം**

ഒക്ടോബർ 23ന് വിഴിഞ്ഞം മുള്ളൂരിൽ മത്സ്യത്തൊഴിലാളികളുടെ ഏഴിനം ആവശ്യങ്ങളുന്നയിച്ച് കൊണ്ടു നടക്കുന്ന സമരത്തിൽ മത്സ്യമേഖല ശുശ്രൂഷാ സമിതി, റ്റി.എം.എഫ്. മത്സ്യക്കച്ചവട സ്ത്രീ ഫോറം എന്നിവർ നേതൃത്വം കൊടുത്തു. ഫാ. ഷാജിൻ ജോസ് സമരം ഉദ്ഘാടനം ചെയ്തു. ആനിമേറ്റർമാരുടെ നേതൃത്വത്തിൽ എല്ലാ ഫെറോനകളിൽ നിന്നും മത്സ്യക്കച്ചവടം സ്ത്രീകളെയും പങ്കെടുപ്പിച്ചു.

**ഫെറോനാതലം**

**വലിയതുറ ഫെറോന**

16-ാം തിയതി രാവിലെ 11 മണിക്ക് ഫെറോന സെന്ററിൽ ഫെറോനാ യോഗം കൂടി. നവംബർ 21 മത്സ്യത്തൊഴിലാളി ദിനാഘോഷം റ്റി. എം.എഫ്. രൂപീകരണം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച് ചെയ്ത് തീരുമാനമെടുത്തു. 17-ാം തീയതി നടക്കുന്ന സമരത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കാൻ നിർദ്ദേശിച്ചു.

2, 16 എന്നീ തീയതികളിൽ വലിയതുറ, കൊച്ചുവേളി ഇടവ കകളിൽ യോഗം കൂടി. വലിയതുറ ഇടവകയിൽ ഒരു പുരുഷ എസ്. എച്ച്.ജി. രൂപീകരിക്കാൻ തീരുമാനിച്ചു. കൊച്ചുവേളി ഇടവകയിൽ 17-ാം തിയതിയിലെ സമരത്തിൽ എല്ലാവരും പങ്കെടുക്കണമെന്നും അന്നേ ദിവസം വള്ളം കൊണ്ടുവരാനും പറഞ്ഞു.

**അഞ്ചുതെങ്ങ് ഫെറോന**

പുരുഷ എസ്.എച്ച്.ജി. കൾ വിസിറ്റു ചെയ്തു ആറ്റിങ്ങൾ സമര ത്തിൽ ആൾക്കാരെ പങ്കെടുപ്പിക്കാൻ വേണ്ടി ക്രമീകരണം നടത്തി.

ഒക്ടോബർ 12ന് ചമ്പാവ്, മാമ്പള്ളി, അഞ്ചുതെങ്ങ് എന്നീ ഇടവകകളിൽ മത്സ്യക്കച്ചവട സ്ത്രീഫോറം, ജനറൽ ബോഡി നടന്നു. 17-ാം തീയതിയിലെ സമരത്തെക്കുറിച്ച് ചർച്ചകൾ നടന്നു. യൂണിറ്റു യോഗങ്ങൾ 20 ൽ 16 നടന്നു.

19, 21 എന്നീ തീയതികളിൽ ചിറയിൻകീഴ് പണ്ടകശാല, വലിയകട, നിലയ്ക്കാമുക്ക്, കടയ്ക്കാവൂർ, വർക്കല, പഴയചന്ത, പുന്നമൂട് മാർക്കറ്റുകൾ വിസിറ്റു ചെയ്തു. നിലവിലെ അവസ്ഥകൾ മനസ്സി ലാക്കുകയുണ്ടായി. കടയ്ക്കാവൂർ, നിലയ്ക്കാവൂർ വെയിലത്തും മഴയത്തും ഇരുന്നാണ് മീൻവിൽക്കുന്നത് അവർക്ക് കുട നൽകണ മെന്ന് അറിയിച്ചു.

**കോവളം ഫെറോന**

**1. മത്സ്യത്തൊഴിലാളികളുടെ ഫെറോനായോഗം**

ഒക്ടോബർ 30ന് ഫെറോനാ സെന്ററിൽ വച്ച് നടന്നു.

**2. മത്സ്യക്കച്ചവട സ്ത്രീ ഫോറത്തിന്റെ ഫെറോനാ യോഗം**

ഒക്ടോബർ 22 വൈകുന്നേരം 3 മണിക്ക് ഫെറോനാ സെന്റ റിൽ വച്ച് കൂടി. 23-ാം തീയതി മത്സ്യത്തൊഴിലാളികളുടെ അവ കാശ സമരത്തിന് നേതൃത്വം മത്സ്യക്കച്ചവട സ്ത്രീഫോറവും റ്റി. എം.എഫ്. ഉം ആയതിനാൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനെ

ക്കുറിച്ച് ചർച്ച ചെയ്തു.

**3. ഫിഷ് വെന്റിംഗ് യൂണിറ്റ് മീറ്റിംഗ്**

മത്സ്യക്കച്ചവട സ്ത്രീകളുടെ യൂണിറ്റ് യോഗങ്ങൾ 4 ൽ 4 ഉം നടന്നു. മത്സ്യത്തൊഴിലാളികളുടെ അവകാശ സമരത്തിന് നാം ഉന്നയിച്ചുള്ള 7 ആവശ്യങ്ങളെക്കുറിച്ച് അംഗങ്ങൾക്ക് ആനിമേറ്റർ ബോധ്യം നൽകി.

**4. ലോൺ വിതരണം**

വിഴിഞ്ഞം, പൂന്തുറ, പുന്നമൂട് എന്നീ ഇടവകയിലെ 4 അംഗ ങ്ങൾക്ക് 1,20,000 രൂപ ലോൺ വിതരണം ചെയ്തു.

**പുതുക്കുറിച്ചി ഫെറോന**

ഒക്ടോബർ 30ന് ഫിഷറീസ് മിനിസ്ട്രി, റ്റി.എം.എഫ്., മത്സ്യ ക്കച്ചവട സ്ത്രീ ഫോറം എന്നിവരുടെ സംയുക്ത ഫെറോനായോഗം നടന്നു. വിഴിഞ്ഞം സമരത്തെക്കുറിച്ചും ഫെറോനാ പ്രവർത്തനങ്ങ ളെക്കുറിച്ചും മത്സ്യത്തൊഴിലാളി ദിനത്തെക്കുറിച്ചും ചർച്ച ചെയ്തു.

മത്സ്യകച്ചവട സ്ത്രീകളുടെ ഇടവകതല യോഗങ്ങൾ 8 ൽ 8 നടന്നു. 11-ാം തീയതി ചിറ്റാറ്റുമുക്ക്, കഴക്കൂട്ടം, കണിയാപുരം എന്നീ മാർക്കറ്റുകൾ വിസിറ്റ് ചെയ്തു. അവിടുത്തെ അവസ്ഥകൾ മനസ്സിലാക്കി. 11 -ാം തീയതി കഴക്കൂട്ടം മാർക്കറ്റിലെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട കഴക്കൂട്ടം കോർപ്പറേഷൻ സോണൽ ഓഫീസിലെ ഉദ്യോഗസ്ഥരെ കാണുകയും കച്ചവട സ്ത്രീകളനുഭ വിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പറയുകയും ചെയ്തു.

ഒക്ടോബർ 14ന് തുമ്പ ഇടവകയിലെ 3 പുരുഷ സ്വയം സഹായ സംഘങ്ങൾ വിസിറ്റ് ചെയ്തു.

**ഫാ. ഷാജിൻ ജോസ്**
**ഡയറക്ടർ**

## അല്മായ ശുശ്രൂഷ

**അതിരൂപതാതലം**

2022 ഒക്ടോബർ 6-ാം തിയതി ഫെറോന ആനിമേറ്റർ മാരുടെ യോഗം കൂടി. ഇലക്ഷന്റെ ഭാഗമായി ആനിമേറ്റേസിന് KLCA Bylaw യുടെയും ഇടവക കൗൺസിൽ Bylaw യുടെയും സംശ യങ്ങൾക്ക് വേണ്ട രീതിയിലുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും നല്കി.

**ഫെറോനതലം**

**പുതുക്കുറിച്ചി ഫെറോന**

02.10.2022 -ൽ അല്മായ ശുശ്രൂഷ സമിതിയുടെയും KLCA യുടെയും ഫെറോന മീറ്റിംഗ് സംയുക്തമായി നടന്നു. 02.10.2022 -ൽ തുമ്പ, 11.10.2022 -ൽ പള്ളിത്തുറ, 16.10.2022 -ൽ മര്യനാട് എന്നീ ഇടവകകളിൽ അല്മായ ശുശ്രൂഷ സമിതിയുടെയും KLCA യുടെയും ഇടവകതല യോഗങ്ങൾ നടന്നു. 16.10.2022 -ൽ പുതുക്കുറിച്ചി, 23.10.2022 -ൽ മര്യനാട്, ശാന്തിപുരം എന്നീ ഇടവകകളിൽ KLCA രൂപീകരിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 10.10.2022 -ൽ തുമ്പ, 23.10.2022 -ൽ പള്ളിത്തുറ എന്നീ ഇട വകകളിലും KLCA യുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

KLCA രൂപീകരിക്കുന്നതിന്റെ ഭാഗമായും കർമ്മലീത്ത സഭ, ഫ്രാൻസിസ്ക്കൻ 3-ാം സഭ എന്നിവയുടെ ലിസ്റ്റുകൾ ശേഖരിക്കു ന്നതിന്റെ ഭാഗമായും 08.10.2022, 24.10.2022 എന്നീ തിയതികളിൽ ഫെറോനയിലെ എല്ലാ ഇടവകകളും സന്ദർശിച്ചു. 02.10.2022 - ൽ KLCA യുടെ ഫെറോന മീറ്റിംഗ് പൂങ്കുളത്ത് വച്ചു കൂടി. KLCA മെമ്പർഷിപ്പ് ക്യാമ്പയിൻ 16-ാം തിയതി നടത്തുവാൻ തീരുമാനിച്ചു. ഈ മാസം ഇടവക ഇലക്ഷൻ നടത്തേണ്ട തിയതികൾ നിശ്ചയിച്ച് ഫെറോന സമിതിയെ അറിയിക്കുവാനും ഫെറോന സമിതിയുടെ നേതൃത്വത്തിൽ ഇടവക ഇലക്ഷൻ നടത്തുവാനും തീരുമാനിച്ചു.

09.10.2022 - ൽ KLCA വിഴിഞ്ഞം യൂണിറ്റിന്റെ മീറ്റിംഗ് കൂടി. KLCA മെമ്പർഷിപ്പ് ക്യാമ്പയിൻ, KLCA ഇലക്ഷൻ, അതിജീവന സമ രത്തിൽ എല്ലാ KLCA അംഗങ്ങളും പങ്കെടുക്കാൻ അറിയിച്ചു. വിഴിഞ്ഞം ഇടവകയുടെ നേതൃത്വത്തിൽ പോർട്ടിനുള്ളിൽ സമരം നടത്തുന്നത് നല്ലതായിരിക്കും എന്ന് അംഗങ്ങൾ അറിയിച്ചു. 07.10.2022 - ൽ വിഴിഞ്ഞം പാരിഷ് ഹാളിൽ വച്ച് സംയുക്ത ഭക്ത സംഘടനകളുടെ മീറ്റിംഗ് കൂടി.

**വലിയതുറ ഫെറോന**

സമിതിയോഗം വലിയവേളി ഇടവക കൂടി. 23-ാം തിയതി "കേരള നവോത്ഥാനത്തിന് മിഷണറിമാരുടെ പങ്ക്" എന്ന വിഷ യത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി. 30 അംഗങ്ങൾ പങ്കെടുത്തു. KLCA മീറ്റിംഗ് നടന്നു. സമര പരിപാടികളിൽ സമിതി അംഗങ്ങൾ പങ്കെടുത്തുവരുന്നു. 50 പേർക്ക് KLCA മെമ്പർഷിപ്പ് എടു

ക്കാൻ തീരുമാനിച്ചു.

കൊച്ചുവേളി ഇടവക KLCA യോഗം കൂടി. 28 ബി.സി.സി. യൂണിറ്റുകൾ സന്ദർശിച്ചു. ഈ സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അംഗങ്ങൾക്ക് ബോധ്യം നല്കി. മെമ്പർഷിപ്പ് ക്യാമ്പയിൻ നടന്നുവരുന്നു. 17, 22 എന്നീ ദിവസങ്ങളിൽ KLCA അംഗങ്ങൾ സമരത്തിൽ സജീവമായി പങ്കെടുത്തു.

വലിയതുറ ഇടവക 16-ാം തിയതി KLCA ഇലക്ഷൻ നടത്തി. 198 പേർക്ക് മെമ്പർഷിപ്പ് നല്കി. സമിതി യോഗം കൂടി. മാലിന്യ സംസ്കരണത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ബി.സി.സി. യിലെ 2 വാർഡ് മാലിന്യമുക്ത വാർഡായി തെരഞ്ഞെടുത്തു.

23-ാം തിയതി ഫെറോന സെന്ററിൽ വച്ച് ഫെറോനാതലത്തിൽ ലീജിയൻ ഓഫ് മേരി പ്രസീദിയം ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് മാതാവിനെ കുറിച്ചും, ജപമാലയുടെ പ്രസക്തിയെ കുറിച്ചും അജിത്ത് സർ ക്ലാസ് നല്കി. 72 അംഗങ്ങൾ പങ്കെടുത്ത ക്ലാസിൽ ഫെറോന കോർഡിനേറ്റർ റവ. ഫാ. ടോണി ഹാംലറ്റ് നേതൃത്വം നല്കി.

ഫെറോനയിലെ മറ്റ് ഇടവകകളിൽ KLCA മെമ്പർഷിപ്പ് ക്യാമ്പയിൻ നടന്നു വരുന്നു. വിഴിഞ്ഞത്ത് നടന്നു വരുന്ന അതിജീവന സമരത്തിൽ എല്ലാ ഇടവകയിലെയും സമിതി അംഗങ്ങൾ, KLCA അംഗങ്ങൾ സജീവമായി പങ്കെടുത്തു വരുന്നു. 22-ാം തിയതി KLCA നേതൃത്വം നല്കിയ സമരത്തിൽ വലിയവേളി, കൊച്ചുവേളി, തോപ്പ്, വലിയതുറ എന്നീ ഇടവകകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**പുല്ലുവിള ഫെറോന**

പുതിയതുറ ഇടവകയിൽ ഭക്തസംഘടന ഭാരവാഹികളുടെ സംയുക്തയോഗം നടന്നു. KLCA, KLCWA എന്നീ സമുദായ സംഘടനകളുടെ അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനായി എല്ലാ ഇടവകയിലും സന്ദർശനം നടത്തുകയും ഇടവക വികാരിമാരെ കണ്ട് സംസാരിക്കുകയും ചെയ്തു. ചില ഇടവകകളിൽ അംഗത്വം സ്വീകരിക്കാൻ തുടങ്ങുകയും ചെയ്തു.

ഭക്തസംഘടനകളായ കർമ്മല മാതാ സഭ, ഫ്രാൻസിസ്ക്കൻ 3-ാം സഭ എന്നീ സഭകൾ ഏതു അച്ചന്മാരുടെ കീഴിലാണുള്ളത് എന്ന വിവരം ശേഖരിക്കുകയും ചെയ്തു.

ഓരോ ഇടവകയിലും നിലവിൽ ഏതൊക്കെ ഭക്തസംഘ ടനകളാണ് ഉള്ളത് എന്ന ലിസ്റ്റ് ശേഖരിക്കുകയും ചെയ്തു.

**തൂത്തൂർ ഫെറോന**

വള്ളവിള ഇടവകയിൽ ഭക്തസംഘടനാ ഭാരവാഹികളെ വിളിച്ചുകൂട്ടുകയും അവർക്ക് അല്മായ ശുശ്രൂഷ എന്നാൽ എന്തെന്നും അതിന്റെ പ്രധാന ഘടകങ്ങളെക്കുറിച്ച് പറഞ്ഞു കൊടു ക്കുകയും ചെയ്തു. നീരോടി ഇടവകയിൽ ഭക്തസംഘടനാ ഭാര വാഹികളെ വിളിക്കുകയും അല്മായ ശുശ്രൂഷയുടെ പ്രാധാന്യത്തെ ക്കുറിച്ച് പറഞ്ഞു കൊടുക്കുകയും 3 മാസത്തിൽ ഒരിക്കലെങ്കിലും മറ്റ് സംഘനകളെ കൂട്ടി റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനമായി. ഇരവിപുത്തൻതുറ ഇടവകയിൽ ഭക്തസംഘടനയിലെ ഭാരവാഹി കളെ വിളിച്ചുകൂട്ടി. അല്മായ ശുശ്രൂഷയെ കുറിച്ച് മനസിലാക്കി കൊടുത്തു. ഇരയിമൻതുറയിൽ ഭാരവാഹികളെ വിളിച്ചുകൂട്ടി. കർമ്മ ലീത്താ സഭയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും, സഭയെ നല്ലരീതിയിൽ മുമ്പോട്ടു കൊണ്ടുപോകുവാനും തീരുമാനിച്ചു.

**പേട്ട ഫെറോന**

മൺവിള, കുമാരപുരം, വികാസ്നഗർ, ശ്രീകാര്യം, കുന്നിൻപുറം എന്നീ ഇടവകകൾ സന്ദർശിച്ച് ഓരോ ഇടവകയി ലേയും ഇപ്പോഴത്തെ അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് ഇടവകവികാരിമാരുമായി വിലയിരുത്തൽ നടത്തി. ശ്രീകാര്യം ഇടവകയിൽ സൊഡാലിറ്റി, വിൻസെന്റ് ഡി പോൾ എന്നീ സംഘടനയും വികാസ് നഗർ ഇടവകയിൽ വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, KLCA എന്നീ സംഘടനകൾ ഉണ്ടെ ങ്കിലും ഇപ്പോൾ സജീവമല്ലെന്നും കുന്നിൻപുറം ഇടവകയിൽ ലീജി യൻ ഓഫ് മേരി, മദർ തെരേസ സഖ്യം, ഡൊമിനിക് സാവിയോ സഖ്യം, മരിയ ഗൊരേറ്റി സഖ്യം, KLCA, KLCWA എന്നീ സംഘടന കൾ സജീവമായി പ്രവർത്തിക്കുന്നതായും വിലയിരുത്തി.

09.10.2022 ഫെറോനതലത്തിൽ സമരസമിതി മീറ്റിംഗ് പോങ്ങു മൂട് പാരിഷ് ഹാളിൽ നടത്തുകയും 10.10.2022 ന് വിഴിഞ്ഞം, 17.10.2022ന് സെക്രട്ടറിയേറ്റ് സമരത്തിലും ഞങ്ങളുടെ സജീവസാ ന്നിധ്യം ഉണ്ടായിരുന്നു.

കുമാരപുരം ഇടവകയിൽ സമിതിയോഗം കൂടി. നേഴ്സസ്

ഫോറം, ഡോക്ടേഴ്സ് ഫോറം എന്നിവ രൂപീകരിച്ചു.

കുന്നിൻപുറം ഇടവകയിൽ സമിതിയോഗം കൂടുകയും ഒക്ടോബർ മാസം ജപമാല മാസമായതിനാൽ എല്ലാ ദിവസവും വൈകുന്നേരം ജപമാല ചൊല്ലൽ ലീജിയൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ നടക്കുന്നു. മദർ തെരേസ സഖ്യത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് സമ്മാന കൂപ്പൺ നൽകുകയും 16.10.2022 ന് KLCA, KLCWA തെരഞ്ഞെടുപ്പും ഷാജു വില്യം അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**ലീജിയൻ ഓഫ് മേരി**

ലീജിയൻ ഓഫ് മേരി തിരുവനന്തപുരം (സൗത്ത്) കമ്മീസിയത്തിന്റെ ഒക്ടോബർ മാസത്തെ യോഗം 08.10.2022 ന് 9 മണിക്ക് ആരംഭിച്ചു. 14 കുരിയാകളിൽ നിന്നും, നേരിട്ടുള്ള 7 പ്രസീദിയങ്ങളിൽ നിന്നുമായി 48 അംഗങ്ങൾ പങ്കെടുത്തു. ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ഡോ. മൈക്കൾ തോമസ് പ്രഭാഷണം നടത്തി. പുല്ലുവിള, പാളയം, പരുത്തിയൂർ കുരിയാകളിൽ നിന്നും, കിള്ളിപ്പാലം പ്രസീദിയത്തിൽ നിന്നും മുഴുവൻ ഭാരവാഹികളും ഹാജരായിരുന്നു. നീരോടി, വിഴിഞ്ഞം, ഇരവിപുത്തൻതുറ, വള്ളവിള, പുല്ലുവിള, തൂത്തൂർ കുരിയകൾ സെപ്തംബർ സമ്മേളനം നടത്തിയതായി അറിയിക്കുകയുണ്ടായി. അതിരൂപതാദ്ധ്യക്ഷൻമാരുടെ നിയോഗങ്ങൾക്കായി ജപമാല ചൊല്ലാൻ ആവശ്യപ്പെട്ടിരുന്നതിൽ പുല്ലുവിള കുരിയ ഇതുവരെ 85,000 ജപമാല ചൊല്ലി കാഴ്ചവച്ചതായി അറിയിച്ചു. അതിജീവന സമരത്തിൽ സജ്ജീവമായി ലീജിയൻ അംഗങ്ങൾ പങ്കെടുത്തുവരുന്നു. 30.10.2022 ഞായറാഴ്ച വൈകുന്നേരം ജപമാല റാലികൾ 4 മണിക്ക് സൗത്ത് തുമ്പ ഭാഗത്തുനിന്നും, 4.30 ന് ശംഖുമുഖം ഭാഗത്തുനിന്നും ആരംഭിച്ച് വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദൈവാലയത്തിൽ എത്തിച്ചേർന്ന അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ബിഷപ്പ് ക്രിസ്തുദാസിന്റെ മുഖ്യകാർമ്മത്വ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചു.

**KLCA പ്രവർത്തന റിപ്പോർട്ട്**

സെപ്റ്റംബറിൽ ആരംഭിച്ച KLCA മെമ്പർഷിപ്പ് ക്യാമ്പയിനും ഇടവകതല ഇലക്ഷനും പുരോഗമിക്കുകയാണ്. എല്ലാ ഫെറോനകളിലും ഇടവകതലത്തിലും ഇതിനുവേണ്ട സജീകരണങ്ങൾ നില

വിലുള്ള KLCA സമിതി അംഗങ്ങളും ആനിമേറ്റേസും ചെയ്തു വരികയാണ്. മിക്കവാറും ഇടവകകളിലെ ഇടവക വികാരിമാർ ഇതിനോടു അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിച്ചു. പുതുക്കുറിച്ചി ഫൊറോനയിൽ പുതുക്കുറിച്ചി, തുമ്പ, മര്യനാട്, പള്ളിത്തുറ, ശാന്തിപുരം എന്നീ ഇടവകകളിലും പേട്ട ഫൊറോനയിൽ കുന്നിൻപുറം, പോങ്ങുംമൂട് എന്നീ ഇടവകകളിലും പാളയം ഫൊറോനയിൽ മണക്കാട്, കുടപ്പനക്കുന്ന് എന്നീ ഇടവകകളിലും കോവളം ഫൊറോനയിൽ പരുത്തിക്കുഴി, പൂങ്കുളം എന്നീ ഇടവകകളിലും അഞ്ചുതെങ്ങ് ഫൊറോനയിൽ മാമ്പള്ളി, പൂത്തുറ എന്നീ ഇടവകകളിലും വലിയതുറ ഫൊറോനയിൽ വലിയവേളി, കൊച്ചുവേളി, കൊച്ചുതോപ്പ്, വലിയതുറ എന്നീ ഇടവകകളിലും ഇലക്ഷൻ നടത്തി പുതിയ ഇടവകതല കമ്മിറ്റികൾ രൂപീകരിച്ചു. വരും ദിവസങ്ങളിൽ മറ്റ് ഇടവകകളിൽ മെമ്പർഷിപ്പും ഇലക്ഷനുമായി മുമ്പോട്ടു പോകും. 22.10.2022-ൽ വിഴിഞ്ഞം തുറമുഖ കവാടത്തിൽ നടന്നുവരുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നേതൃത്വം നല്കി. ഈ മാസം നടന്നുവന്ന സമരങ്ങൾക്ക് KLCA അംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്തു.

**KLCWA പ്രവർത്തന റിപ്പോർട്ട്**

വനിത സംഘടനകളുടെ നേതൃത്വത്തിൽ വിഴിഞ്ഞത്ത് നടക്കുന്ന സമരത്തിൽ KLCWA രൂപതാ പ്രസിഡന്റ് ശ്രീമതി. ഷെർളിയും എക്സിക്യൂട്ടീവ് അംഗം ശ്രീമതി മെർളിനും ഉപവാസം അനുഷ്ഠിച്ചു. ഉത്തർപ്രദേശിൽ ലക്നൗ ൽ വച്ച് Conference of Catholic Bishops of India യുടെ നേതൃത്വത്തിൽ നടന്ന Women Commission ന്റെ National meeting ൽ അതിരൂപതാ ജനറൽ സെക്രട്ടറി ശ്രീമതി മേരിപുഷ്പം തിരുവന്തപുരം അതിരൂപതയെ പ്രതിനിധികരിച്ച് പങ്കെടുത്തു. 22-ാം തിയതി വിഴിഞ്ഞം തുറമുഖത്ത് ആത്മീയ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന നിരാഹാര സമരത്തിന് വേണ്ട മുന്നൊരുക്കത്തിന്റെ ഭാഗമായി മീറ്റിംഗ് സംഘടിപ്പിച്ചു.

**ഫാ. മൈക്കിൾ തോമസ്**
**ഡയറക്ടർ**